


Deivarajyam October 2019
●R.N.7623/63
Registered No. KL/ALY/0020/2017-2019
Date of publication: 1/10/2019
●Posted at Thodupuzha Stg.
Annual Subscription ₹ 100.00

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ഒക്ടോബർ 2019 വാല്യം 58 ലക്കം 10

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



Scan me






വി. കുർബാനയുടെ അസാധാരണ
ശുശ്രൂഷികൾക്കുള്ള പരിശീലനം



St. Little Flower




St. Francis Assisi




St. Teresa of Avila



Bl. Kunjachan



St. Luke




St. Simon & Jude

ദൈവരാജ്യം



*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 58
ഒക്ടോബർ 2019
ലക്കം 10

The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

5 സർക്കുലർ (മറിയം ത്രേസ്യ)
10 സർക്കുലർ (ലോകമിഷൻ ദിനം)
15 രൂപതക്കച്ചേരി
23 മൈനർ സെമിനാരി
23 വിജ്ഞാനഭവൻ
28 വിദ്യാഭ്യാസം
29 ബൈബിൾ അപ്പോസ്റ്റലേറ്റ്
30 സോഷ്യൽ സർവീസ്
32 തിരുബാലസഖ്യം
33 ചെറുപുഷ്പ മിഷൻലീഗ്
34 കെ. സി. എസ്. എൽ.
40 ഫാമിലി അപ്പോസ്റ്റലേറ്റ്
42 നിർമ്മലാ പ്രോ – ലൈഫ്
43 മാതൃവേദി
44 ഡി. സി. എം. എസ്.
45 ഡി. എഫ്. സി.
46 യുവദീപ്തി
48 ജീസസ് യൂത്ത്
49 എ. കെ. സി. സി.
50 അല്മായ ഫ്രാൻസിസ്കൻ സഭ
51 പ്രാർത്ഥനാഗ്രൂപ്പ്
53 കേരള ലേബർ മൂവ്മെന്റ്
54 നെസ്റ്റ് പ്രോഗ്രാം
54 തിരുനാൾ മംഗളങ്ങൾ
55 രൂപതാദ്ധ്യക്ഷന്റെ ഡയറി
56 **Bishop's Engagements**
57 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
57 നിര്യാതരായി



## പള്ളിയിൽ അറിയിക്കുവാൻ

### ഒക്ടോബർ

| | Page |
|---|---|
| സർക്കുലർ (മറിയം ത്രേസ്യ) | 5 |
| സർക്കുലർ (ലോകമിഷൻ ദിനം) | 10 |
| മിഷൻ ഞായർ | 15 |
| ഒക്ടോബർ മാസത്തിലെ ജപമാല | 16 |
| 'ആദ് ലിമിന' സന്ദർശനം | 16 |
| മരണം: സ്വർഗ്ഗത്തിലേക്കുള്ള കവാടം | 17 |
| ബൈബിൾ പഠനക്ലാസ് | 29 |

## തിരുനാളുകൾ


1 വി. കൊച്ചുത്രേസ്യ


2 കാവൽ മാലാഖ


4 ഫ്രാൻസിസ് അസ്സീസി


15 ആവിലായിലെ വി. ത്രേസ്യ


16 വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ


17 അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്


18 വി. ലൂക്കാ


28 വി. ശിമയോൻ, വി. യൂദാതദേവൂസ്

Ref. 3222/K-5/KCBC/OL/DS 23 August 2019

## വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്നതിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മറിയം ത്രേസ്യ എന്ന ഒരു വിശുദ്ധയെക്കൂടി സമ്മാനിച്ചുകൊണ്ട് 2019 ഒക്ടോബർ 13-നു കേരളസഭ തിരുസഭയുടെ ചരിത്രത്തിൽ ഒരിക്കൽക്കൂടി സ്ഥാനം പിടിക്കുമ്പോൾ സന്തോഷിക്കാനും അഭിമാനിക്കാനും നമുക്കു വക ലഭിക്കുന്നു. ഒരു വിശുദ്ധനോ വിശുദ്ധയോ ആയി ജീവിക്കുകയെന്നാൽ എല്ലാ ജീവിതാനുഭവങ്ങളെയും, പ്രത്യേകിച്ചു സഹനങ്ങളെയും പരീക്ഷണങ്ങളെയും പരാജയങ്ങളെയും വിശ്വാസത്തിന്റെ കൃപയിലൂടെ സ്വീകരിച്ചു സ്നേഹത്തിനു സാക്ഷ്യം വഹിക്കുക എന്നതാണ്.

ദൈവിക പുണ്യങ്ങൾ വീരോചിതമായി ജീവിച്ചു എന്ന് സുദീർഘവും ശ്രമകരവും ശാസ്ത്രീയവുമായ പഠനങ്ങളിലൂടെ സ്ഥിരീകരിച്ചതിനുശേഷമാണു തിരുസഭ മറിയം ത്രേസ്യയെ വിശുദ്ധയെന്നു പ്രഖ്യാപിക്കുന്നത്. ഈ പ്രക്രിയ ആരംഭിച്ചതു വിശ്വാസികൾ തന്നെയാണ്. മദർ മറിയം ത്രേസ്യയുടെ മരണാനന്തരം അനേകർ മദ്ധ്യസ്ഥസഹായം യാചിച്ചു പ്രാർത്ഥിച്ചിരുന്നു. അനുഗ്രഹം ലഭിച്ചവർ പരസ്പരം വിവരം കൈമാറുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുകയുണ്ടായി.

1973-ൽ നാമകരണ നടപടിക്ക് ആരംഭം കുറിച്ചതോടെ ദൈവദാസി എന്ന ആദ്യപദവിക്ക് മദർ അർഹയായി. തുടർന്ന് രൂപതാതലത്തിൽ വിവിധ കമ്മീഷനുകൾ മദറിന്റെ സുകൃത ജീവിതത്തെക്കുറിച്ച് കൃത്യമായി അന്വേഷിച്ച് തയ്യാറാക്കി റോമിലേക്ക് അയച്ചുകൊടുത്ത ദീർഘമായ റിപ്പോർട്ട് (Positio) ദൈവശാസ്ത്രജ്ഞരും കർദ്ദിനാൾമാരും പഠിച്ചതിനു ശേഷം വി. ജോൺ പോൾ മാർപാപ്പ അംഗീകരിച്ച് 1999-ൽ മദറിനെ ധന്യയെന്നു പ്രഖ്യാപിച്ചു.

ഇതിനിടയിൽ 1974-ൽ തൃശ്ശൂർ രൂപതയിലെ അമ്മാടം ഇടവകയിലെ പല്ലിശ്ശേരി മാത്യു എന്ന 14 വയസ്സുകാരന്റെ വളഞ്ഞിരുന്ന രണ്ടു കാല്പാദങ്ങളും നിവർന്നത് മദർ മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥതയാൽ നടന്ന അത്ഭുതമാണെന്നു വൈദ്യശാസ്ത്രജ്ഞർ, ദൈവശാസ്ത്രജ്ഞർ, കർദ്ദിനാൾ സംഘം എന്നിവർ സ്ഥിരീകരിച്ചതിനാൽ 2000





ഏപ്രിൽ 9-നു വത്തിക്കാനിൽ വച്ചു ജോൺ പോൾ മാർപാപ്പ മറിയം ത്രേസ്യയെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിച്ചു.

വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള രണ്ടാമത്തെ അത്ഭുതം നടന്നത് 2009 ഏപ്രിൽ 9-നാണ്. തൃശൂർ അമല ആശുപത്രിയിൽ പെരിഞ്ചേരി ചൂണ്ടൽ ജോഷി-ഷിബി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ക്രിസ്റ്റഫർ ജോഷി പൂർണ്ണവളർച്ചയെത്താതെ ജനിച്ചു. താമസിയാതെതന്നെ പലവിധ രോഗങ്ങൾമൂലം ശ്വാസോച്ഛ്വാസം പോലും തടസ്സപ്പെട്ട് ഗുരുതരാവസ്ഥയിലായി. മരണത്തോടു മല്ലടിച്ചിരുന്ന കുഞ്ഞിനു വേണ്ടി വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും മൂന്നാം ദിവസം തിരുശേഷിപ്പ് കുഞ്ഞിന്റെ മേൽ വച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അരമണിക്കൂറിനു ശേഷം കുഞ്ഞ് അത്ഭുതാവഹമാംവിധം സുഖപ്പെടുകയും ശ്വാസോഛ്വാസം സാധാരണനിലയിലാകുകയും ചെയ്തു. ദ്രുതഗതിയിലും പൂർണ്ണമായും ലഭിച്ച സുഖപ്രാപ്തി അത്ഭുതമാണ് എന്ന് ചികിത്സിച്ചിരുന്ന ഡോക്ടർ സ്ഥിരീകരിക്കുകയുണ്ടായി. വത്തിക്കാൻ തിരുസംഘം ഇതൊരു അത്ഭുതമായി അംഗീകരിച്ചതിനുശേഷമാണു ജൂലായ് 1-ാം തീയതി കൂടിയ Public Consistory -യിൽ വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയെ ഒക്ടോബർ 13-നു വിശുദ്ധയായി പ്രഖ്യാപിക്കുമെന്ന തീരുമാനമുണ്ടായത്.

വിശുദ്ധയായ മറിയം ത്രേസ്യ ജനിച്ചത് ഇരിഞ്ഞാലക്കുട രൂപതയിലെ പുത്തൻചിറ ഇടവകയിൽ ചിറമ്മൽ മങ്കിടിയാൻ തോമാ - താണ്ട ദമ്പതികളുടെ മൂന്നാമത്തെ സന്താനമായിട്ടാണ്. “ചെറുപ്പം മുതലേ ദൈവത്തെ സ്നേഹിക്കാനുള്ള തീവ്രമായ ദാഹത്താൽ എന്റെ ആത്മാവ് ഏറെ ക്ലേശിച്ചിരുന്നു” എന്നു പറഞ്ഞാണു മറിയം ത്രേസ്യ തന്റെ ആത്മകഥ തുടങ്ങുന്നത്. ദൈവത്തെ സ്നേഹിക്കാനും ദൈവികപുണ്യങ്ങൾ അഭ്യസിക്കാനും വിശുദ്ധിയിൽ ജീവിക്കാനും ഏറെ ത്യാഗങ്ങളും, സഹനങ്ങളും, പരീക്ഷണങ്ങളും അവൾ ഏറ്റെടുത്തു. തിരുക്കുടുംബം ഒന്നിച്ചും, മാതാവ്, ഉണ്ണീശോ, കുരിശു ചുമക്കുന്ന ഈശോ, യൗസേപ്പിതാവ് എന്നിവർ ഓരോരുത്തരായും പ്രത്യക്ഷപ്പെട്ട് മറിയം ത്രേസ്യയെ സഹനങ്ങളിലും പൈശാചിക പരീക്ഷണങ്ങളിലും ആശ്വസിപ്പിക്കുകയും സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിരുന്നതായി മറിയം ത്രേസ്യയും മറ്റുള്ളവരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തിരുക്കുടുംബാംഗങ്ങൾ അവളുടെ ജീവിതത്തിൽ സന്തതസഹചാരികളായിരുന്നു. ദൈവികപുണ്യങ്ങളായ വിശ്വാസം, ശരണം,

ഉപവി എന്നിവയും സാന്മാർഗിക പുണ്യങ്ങളായ വിവേകം, നീതി, ആത്മധൈര്യം, ആത്മസംയമനം എന്നിവയും മറ്റു നിരവധി പുണ്യങ്ങളും വീരോചിതമായി ജീവിച്ചാണ് അവൾ വിശുദ്ധിയുടെ ഉന്നതപദവിയിലേക്കുയർത്തപ്പെട്ടിരിക്കുന്നത്.

നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിച്ചും ദിവ്യബലിയർപ്പണത്തിനായി പ്രത്യേകവിധത്തിൽ ഒരുങ്ങിയും കാൽവരിനാഥനോടൊപ്പം ബലിയർപ്പിച്ചും ദിവ്യകാരുണ്യത്തോടുള്ള സ്നേഹവും ഭക്തിയും അവൾ സ്വന്തമാക്കി.

കുരിശിൻ ചുവട്ടിലിരുന്ന് ഈശോയുടെ പീഡാനുഭവം ധ്യാനിച്ചിരുന്ന അവൾ പീഡാനുഭവത്തിൽ പങ്കുചേരാനും ഈശോയുമായി താദാത്മ്യപ്പെടാനും ആഗ്രഹിച്ചതിന് നാഥൻ സമ്മാനമായി നൽകിയ തിരുമുറിവുകൾ അവളെ പഞ്ചക്ഷതം പേറുന്നവളാക്കി. "മതി കർത്താവേ മതി; ഈ കുരിശ് ഞാൻ ചുമന്നുകൊള്ളാം" എന്നുള്ളതു കുരിശും വഹിച്ച് ഈശോ പ്രത്യക്ഷപ്പെട്ടപ്പോഴുള്ള അവളുടെ വാക്കുകളായിരുന്നു. സഹിക്കുന്നവരിലും മറിയം ത്രേസ്യ കണ്ടത് പീഡ സഹിക്കുന്ന ഈശോയെയാണ്. അതുകൊണ്ടു തന്നെ രോഗികൾ, മരണാസന്നർ, അനാഥർ, പാവപ്പെട്ടവർ, പാപികൾ എന്നിവർ മദർ മറിയം ത്രേസ്യയുടെ സ്നേഹത്തിനും കരുണയ്ക്കും പ്രാർത്ഥനയ്ക്കും അർഹരായി. സ്ത്രീകൾക്ക് പുറത്തിറങ്ങാൻ അനുവാദമില്ലാതിരുന്ന കാലത്ത് ഇവരെ തേടി മറിയം ത്രേസ്യ കുടുംബങ്ങളിലേക്കു ചെന്നു. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കുകയും ശക്തിപ്പെടുത്തുകയും തകർന്ന കുടുംബങ്ങളെയും കുടുംബബന്ധങ്ങളെയും കൂട്ടിയിണക്കുകയും ചെയ്തിരുന്നു എന്നത് പ്രവാചക ധീരതയോടെയുള്ള ഉപവി പ്രവർത്തനമാണ്. അതുതന്നെയാണ് അവളെ കുടുംബങ്ങളുടെ മദ്ധ്യസ്ഥയും കുടുംബപ്രേഷിതരുടെ മാതൃകയുമാക്കിയത്. അവളിലെ ഉപവിയുടെ അലിവ് അറിയാത്തവർ പുത്തൻചിറയിലും പ്രാന്തപ്രദേശങ്ങളിലും വളരെ വിരളമായിരുന്നു.

സാന്മാർഗിക പുണ്യങ്ങളായ വിവേകത്തിന്റെ പൂർണ്ണതയും, നീതിയുടെ ശബ്ദവും, ആത്മസംയമനത്തിന്റെ കരുത്തും, ആത്മധൈര്യത്തിന്റെ ശക്തിയും മറിയം ത്രേസ്യയുടെ ജീവിതത്തിലും ശുശ്രൂഷാമേഖലകളിലും പ്രസ്പഷ്ടമായിരുന്നു. വിനയം, വിധേയത്വം, വിട്ടുവീഴ്ചാ മനോഭാവം, തപസ്സ്, പ്രായശ്ചിത്തം, പരിത്യാഗം എന്നിവ അവളുടെ സുകൃതങ്ങളും ജീവിതശൈലിയും ആയിരുന്നു. എളിമയുടേയും അനുസരണത്തിന്റേയും ആൾരൂപമായിരുന്നു അവൾ എന്നാണ്





സമകാലീനർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ദൈവൈക്യം ലക്ഷ്യമാക്കിയുള്ള തന്റെ ആത്മീയ യാത്രയിൽ തിരുക്കുടുംബവും, പാടുപീഡകൾ സഹിച്ച് ക്രൂശിതനായ ഈശോയും, ദിവ്യകാരുണ്യവുമായിരുന്നു വിശുദ്ധയുടെ ആത്മീയ സ്രോതസ്സുകൾ. ഈ ശക്തിത്രയങ്ങളിലാണ് മദർ മറിയം ത്രേസ്യ തന്റെ ആദ്ധ്യാത്മികത പടുത്തുയർത്തിയത്.

കുടുംബ ശുശ്രൂഷയ്ക്കായി തന്റെ 38-ാമത്തെ വയസ്സിൽ 1914 മെയ് 14-ന് *കോൺഗ്രിഗേഷൻ ഓഫ് ദ ഹോളി ഫാമിലി* എന്ന പേരിൽ ഒരു സന്ന്യാസിനീസമൂഹത്തിനു രൂപം കൊടുക്കാനും അനേകം പേരെ അതിലേക്ക് ആകർഷിക്കാനും ദൈവം അനുഗ്രഹമേകി. ഒരാത്മാവു പോലും നഷ്ടപ്പെട്ട് പോകരുത് എന്ന ആഗ്രഹത്താൽ ഹൃദയത്തിൽ ദൈവസ്നേഹാഗ്നിയും കാലിൽ ചിറകുമായി കുടുംബങ്ങളെ രക്ഷയിലേക്കാനയിക്കാൻ മദർ ഓടിനടന്നു. പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ശുദ്ധീകരാത്മാക്കൾക്കായി പ്രാർത്ഥനയും പരിത്യാഗങ്ങളും നടത്താനും സദാ ഉത്സുകയായിരുന്നു. അറിവുപകരാൻ വിദ്യാലയങ്ങൾ സ്ഥാപിച്ചും അഗതികൾക്കായി അനാഥമന്ദിരങ്ങൾ പണിതീർത്തും തന്റെയും സമൂഹത്തിന്റെയും പ്രേഷിതരംഗങ്ങൾ മദർ വിപുലീകരിച്ചു.

കോൺഗ്രിഗേഷൻ സ്ഥാപിച്ച് 12-ാമത്തെ വർഷത്തിൽ 1926 ജൂൺ 8-ാം തീയതി മദർ പരലോകം പൂകി. മൂന്നാമത്തെ ഭവനമായ തുമ്പൂർ മഠത്തിന്റെ വെഞ്ചരിപ്പു വേളയിലുണ്ടായ തിക്കിലും തിരക്കിലും പള്ളിയുടെ ക്രാസിക്കാൽ മറിഞ്ഞുണ്ടായ മുറിവാണ് മരണകാരണമായി മാറിയത്. മദറിന്റെ മരണസമയത്തു തന്നെ മൂന്ന് ഭവനങ്ങളും 55 അംഗങ്ങളും 2 സ്കൂളുകളും 10 കുട്ടികളുള്ള അനാഥാലയവും ഉണ്ടായിരുന്നു എന്നത് ദൈവകൃപ എന്നേ പറയാൻ കഴിയുകയുള്ളൂ.

ഒരോ കാലഘട്ടത്തിന്റെയും സംസ്കാരത്തിന്റെയും വ്യത്യസ്തതകളും വെല്ലുവിളികളും അനുസരിച്ച് തങ്ങൾക്കു ലഭിച്ച ദൈവാനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രതികരിച്ചവരാണ് വിശുദ്ധർ. ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന വഴികളുപയോഗിച്ച് തങ്ങളുടെ ഇച്ഛാശക്തിയെ വരുതിയിലാക്കി ശുദ്ധമനസ്സാക്ഷിയോടെ ദൈവത്തെ പ്രാപിക്കാൻ ശ്രമിച്ചവരാണവർ. അങ്ങനെ അവർ ആത്മീയ യോദ്ധാക്കളായി മാറി. സ്നേഹത്തിന്റെ പാതയിൽ വ്യക്തിയുടെ ആത്മാവ് ദൈവാത്മാവുമായി യോജിക്കപ്പെടുന്നു. അത് ചിലപ്പോൾ മറ്റുള്ളവർക്കു ഗ്രഹിക്കാൻ തക്കവണ്ണം പ്രകാശിതമാകുന്നു. അതിന്റെ പ്രതിഫലനമാണ്

പഞ്ചക്ഷതവും മറ്റും. ഇക്കാര്യങ്ങൾ മറിയം ത്രേസ്യയിൽ സാക്ഷാത്കരിക്കപ്പെട്ടു എന്നു പറയാം. അതിനാലാണ് അവൾ വിശുദ്ധരുടെ പട്ടികയിൽ ചേർക്കപ്പെടുവാൻ യോഗ്യയാണെന്ന് സഭ കരുതുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നത്. നമ്മൾ അതിൽ സന്തോഷിക്കുകയും ദൈവത്തിന് സ്തുതികളർപ്പിക്കുകയും ചെയ്യുന്നു.

ഗഹനങ്ങളായ ഉദ്ബോധനങ്ങൾ മറിയം ത്രേസ്യയിൽ കാണുന്നില്ല. സാധാരണത്വം നിറഞ്ഞ, അതേസമയം ഏറെ പ്രായോഗികമായ, കാര്യങ്ങളാണവൾ നിർദ്ദേശിക്കുകയും പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തത്. "നിങ്ങൾ നല്ലവരാകാൻ നിങ്ങളുടെ ഹൃദയം കർത്താവിന് കൊടുക്കുക. പകരം കർത്താവിന്റെ ഹൃദയം ചോദിച്ചു വാങ്ങുക;" "തമ്മിൽ തമ്മിൽ സ്നേഹിക്കുക; തമ്മിൽ തമ്മിൽ സഹായിക്കുക" എന്ന് തുടങ്ങിയ വചനങ്ങളിലൂടെ ദൈവത്തിനും സഹോദരങ്ങൾക്കും വേണ്ടി ജീവിക്കുവാൻ മറിയം ത്രേസ്യ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശുദ്ധയുടെ ജീവിത മാതൃക ഉൾക്കൊണ്ട് വിശുദ്ധ ജീവിതം നയിക്കാൻ നമുക്ക് മാദ്ധ്യസ്ഥ്യം യാചിക്കാം. ഒക്ടോബർ 13-ന് റോമിൽവച്ചു നടക്കുന്ന നാമകരണ കർമ്മങ്ങളിലും നവംബർ 16-ന് കുഴിക്കാട്ടുശ്ശേരിയിൽ നടക്കുന്ന കൃതജ്ഞതാബലിയിലും ആത്മീയമായും നേരിട്ടും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിന് വിശ്വാസികളേവരേയും ആഹ്വാനം ചെയ്യുന്നു. കുടുംബങ്ങളുടെ മദ്ധ്യസ്ഥയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയിലൂടെ ദൈവം നിങ്ങളെ ഓരോരുത്തരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

(Edited)

**NB:** 2019 ഒക്ടോബർ 13-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





Ref. 3221/K-5/KCBC/OL/DS 23 August 2019

## ലോകമിഷൻ ദിനം - 2019

### ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

### "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ": ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ

പ്രിയ സഹോദരീസഹോദരന്മാരേ,

ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ 1919 നവംബർ 30-ന് പുറപ്പെടുവിച്ച "മാക്സിമും ഇല്ലൂദ്" ("ഏറ്റവും വലിയ ആ കാര്യം") എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയനുസ്മരണ കാലഘട്ടത്തിൽ സഭയുടെ പ്രേഷിതത്വ പ്രബുദ്ധതയും സമർപ്പണവും പുനരുജ്ജീവിപ്പിക്കണമെന്ന ആഗ്രഹത്തോടെ 2019 ഒക്ടോബർ മാസം മിഷണറി മാസമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്.

ഈ സന്ദേശത്തിന്റെ തലവാചകം ഒക്ടോബറിലെ മിഷണറി മാസസന്ദേശത്തിന്റേതു തന്നെയാണ്. ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ. ഈ മിഷനറി മാസാചരണം ഒന്നാമതായി യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രേഷിതത്വപരമായ മാനം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കും. മാമ്മോദീസയിൽ നമുക്കു സൗജന്യമായി നല്കപ്പെട്ട വിശ്വാസമാണത്. ദൈവവുമായുള്ള നമ്മുടെ പുത്രസഹജമായ ബന്ധം കേവലം സ്വകാര്യബന്ധമല്ല; എപ്പോഴും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തോടുള്ള സമ്പർക്കത്തിലൂടെ നമ്മൾ നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം പുതിയ ജീവനിലേക്കു ജനിക്കുന്നു. ഈ ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉല്പന്നമല്ല (നമ്മൾ മതപരിവർത്തനം അഭ്യസിക്കുന്നവരല്ല); പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. അതാണ് പ്രേഷിതത്വത്തിന്റെ അർത്ഥം. ഈ ദാനം നമുക്കു സൗജന്യമായി കിട്ടി. ആരെയും ഒഴിവാക്കാതെ സൗജന്യമായി നാം അതു പങ്കുവയ്ക്കുകയും ചെയ്യുന്നു (cf. മത്താ 10:8). രക്ഷയുടെ സാർവത്രിക കൂദാശയായ സഭയുടെ ശുശ്രൂഷ വഴി എല്ലാ ജനതകളും സത്യം അറിയുകയും തന്റെ കാരുണ്യം അനുഭവിക്കുകയും ചെയ്ത് രക്ഷിക്കപ്പെട

ണമെന്ന് ദൈവം ആഗ്രഹിക്കുന്നു (cf. 1 തിമോ 2:4; ലൂമെൻ ജെൻസിയും 48).

സഭ ലോകത്തിൽ മിഷനറിയാണ്. എല്ലാ വസ്തുക്കളെയും സുവിശേഷവെളിച്ചത്തിൽ കാണുവാൻ യേശുക്രിസ്തുവിലുള്ള വിശ്വാസം നമ്മെ ശക്തരാക്കുന്നു. നാം പങ്കുവയ്ക്കുന്ന ദൈവിക ജീവന്റെ ശാശ്വത ചക്രവാളങ്ങളെ പ്രത്യാശ നമുക്ക് തുറന്നു തരുന്നു. കൂദാശകളിലും സഹോദര സ്നേഹത്തിലും നാം അനുഭവിച്ചറിഞ്ഞ ക്രിസ്തുവിന്റെ സ്നേഹം ലോകത്തിന്റെ അതിരുകൾ വരെ സുവിശേഷ ദൂതുമായി കടന്നുചെല്ലാൻ നമ്മെ നിർബന്ധിക്കുന്നു (cf. 2 കോറി. 5:14; മത്താ 28:19; അപ്പ 8, റോമാ 10:18).

ഈ പ്രേഷിത കല്പന നമ്മെ വ്യക്തിപരമായി സ്പർശിക്കുന്നു. മാമ്മോദീസാ സ്വീകരിച്ച ഓരോ വ്യക്തിയും ഒരു മിഷൻ ആണ്. ദൈവത്തിന്റെ സ്നേഹത്തെ സംബന്ധിച്ചിടത്തോളം ആരും ഉപയോഗമില്ലാത്തവരോ പ്രാധാന്യമില്ലാത്തവരോ അല്ല. നമ്മിൽ ഓരോരുത്തരും ലോകത്തിനുള്ള ഒരു മിഷൻ ആണ്. എന്തെന്നാൽ, നമ്മിൽ ഓരോ വ്യക്തിയും ദൈവസ്നേഹത്തിന്റെ ഫലമാണ്. ദൈവം ഒരിക്കലും താൻ നല്കിയ ജീവന്റെ ദാനം തിരിച്ചെടുക്കുന്നില്ല. നിത്യത മുതൽ ഓരോ വ്യക്തിയും തന്റെ ദൈവികവും ശാശ്വതവുമായ ജീവനിൽ പങ്കുചേരണമെന്ന് അവിടന്ന് നിശ്ചയിച്ചിട്ടുണ്ട് (cf. എഫേ 1:3-6). ഈ ജീവൻ മാമ്മോദീസായിൽ നമുക്കു നല്കപ്പെട്ടു.

മാമ്മോദീസ നമുക്ക് പാപത്തെയും മരണത്തെയും കീഴടക്കിയ യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന ദാനം നല്കുന്നു. മാത്രമല്ല മാമ്മോദീസ നമുക്ക് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമുള്ള പുനർജനനം നല്കുകയും സഭയാകുന്ന ക്രിസ്തുശരീരത്തിന്റെ അവയവങ്ങളാക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ മാമ്മോദീസ യഥാർത്ഥത്തിൽ രക്ഷയ്ക്ക് അത്യാവശ്യമാണ്. എന്തെന്നാൽ, മാമ്മോദീസ ദൈവികദാനത്തിന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു. അത് ഓരോ വ്യക്തിയേയും ദൈവപുത്രനിൽ പുത്രനോ പുത്രിയോ ആക്കുന്നു. നമ്മൾ നമ്മുടെ സ്വാഭാവിക മാതാപിതാക്കളുടെ സന്തതികളാണ്. എന്നാൽ മാമ്മോദീസായിൽ നാം എല്ലാ പിതൃത്വത്തിന്റെയും





യഥാർത്ഥ മാതൃത്വത്തിന്റെയും ഉറവിടത്തെ സ്വീകരിക്കുന്നു: സഭ അമ്മയായിട്ട് ഇല്ലാത്ത ഒരുവനും ദൈവം പിതാവായിരിക്കുകയില്ല (cf. Saint Cyprian, De Cath. Eccl., 6).

നമ്മുടെ മിഷൻ അതുകൊണ്ട് ദൈവത്തിന്റെ പിതൃത്വത്തിലും സഭയുടെ മാതൃത്വത്തിലും വേരുറച്ചതാണ്. ഉത്ഥിതനായ ക്രിസ്തു നല്കിയ കല്പന മാമ്മോദീസായിൽ ഉൾച്ചേർന്നിരിക്കുന്നു: പിതാവ് എന്നെ അയച്ചതുപോലെ ഞാൻ പരിശുദ്ധാത്മാവിനാൽ നിറച്ച് നിന്നെ അയയ്ക്കുന്നു - ലോകത്തിന്റെ അനുരഞ്ജനത്തിനു വേണ്ടിത്തന്നെ (യോഹ 20,19-23; മത്താ 28:16-20). ഈ മിഷൻ ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ തനിമയുടെ ഭാഗമാണ്. പിതാവിന്റെ ദത്തുപുത്രരാകാനുള്ള തങ്ങളുടെ വിളി മനസ്സിലാക്കാൻ എല്ലാ മനുഷ്യരെയും പ്രാപ്തരാക്കാനുള്ള കടമ ഇതു നമുക്കു നല്കുന്നു.

ദേശീയതാവാദത്തിന്റെയും വംശവാദത്തിന്റെയും എല്ലാ രൂപങ്ങളെയും അവസാനിപ്പിക്കാനും കോളനി വാഴ്ചക്കാരുടെ സാമ്പത്തികവും സൈനികവുമായ താത്പര്യങ്ങളിൽനിന്നും സുവിശേഷപ്രഘോഷണത്തെ വേർതിരിച്ച് കാണാനും ബെനഡിക്ട് 15-ാമൻ മാർപാപ്പ മാക്സിമും ഇല്ലൂദ് കൂട്ടിച്ചേർക്കുന്നത് അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യാനും അത് അദ്ദേഹത്തെ പ്രേരിപ്പിച്ചു. മാക്സിമും ഇല്ലൂദ് (Maximum Illud) എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ ആഹ്വാനം ചെയ്യുകയുണ്ടായി. തങ്ങളുടെ മാമ്മോദീസായുടെ ശക്തികൊണ്ട് വീടും കുടുംബവും രാജ്യവും ഭാഷയും പ്രാദേശികസഭയും ഉപേക്ഷിക്കാനുള്ള വിളിയോട് ഉദാരതയോടെ ഉത്തരം പറയുന്ന സ്ത്രീപുരുഷന്മാർ യേശുക്രിസ്തുവിന്റെ കൂദാശകളോ അവിടത്തെ വിശുദ്ധ സഭയോ ഇനിയും രൂപാന്തരപ്പെടുത്താത്ത, രാജ്യങ്ങളിലേക്ക് അയയ്ക്കപ്പെട്ട് ഇന്നും ദൈവവചനം പ്രഘോഷിച്ചുകൊണ്ടും സുവിശേഷത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ജീവൻ ആഘോഷിച്ചുകൊണ്ടും അവർ മാനസാന്തരത്തിനായി ക്ഷണിക്കുന്നു, മാമ്മോദീസാ മുക്കുകയും ക്രൈസ്തവ രക്ഷ നല്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തോടുള്ള ബഹുമാനത്തോടും അവർ അയയ്ക്കപ്പെട്ടിരിക്കുന്ന സംസ്കാരങ്ങളോടും മതങ്ങളോടും ജനത

കളോടും സംഭാഷണത്തിൽ ഏർപ്പെട്ടുമാണ് അങ്ങനെ ചെയ്യുന്നത്. മിസ്സിയോ ആദ് ജെന്തെസ് (വിജാതീയരിലേക്കുള്ള മിഷൻ പ്രവർത്തനം) സഭയ്ക്ക് എപ്പോഴും ആവശ്യമാണ്. എല്ലാ ക്രൈസ്തവരിലും തുടർമാനസാന്തരപ്രക്രിയയ്ക്ക് മൗലികമായ വിധത്തിൽ അതു സംഭാവന ചെയ്യുന്നു. യേശുവിന്റെ ഈസ്റ്റർ സംഭവത്തിലുള്ള വിശ്വാസം, മാമ്മോദീസയിൽ സ്വീകരിച്ച സഭാപരമായ ദൗത്യം, തന്നിൽ നിന്നുതന്നെയും തന്റെ ഭവനത്തിൽ നിന്നും ഭൂമിശാസ്ത്രപരവും സംസ്കാരികവുമായ അകല്ച്ച, പാപത്തിൽ നിന്നുള്ള രക്ഷ, വ്യക്തിപരവും സാമൂഹികവുമായ തിന്മയിൽ നിന്നു വിമോചനം എന്നിവയ്ക്കെല്ലാം ഭൂമിയുടെ അതിർത്തികൾ വരെ എത്തിച്ചേരുന്ന മിഷൻ ആവശ്യമാണ്.

ഒരു സംസ്കാരവും അതിൽത്തന്നെ അടച്ചുപൂട്ടിയിരിക്കാതിരിക്കാനും ഒരു ജനതയും വിശ്വാസത്തിന്റെ സാർവത്രിക ഐക്യത്തിൽ നിന്ന് വിഛേദിക്കപ്പെടാതിരിക്കാനുമായി സഭയുടെ കവാടങ്ങളെ മലർക്കെ തുറന്നിടുന്നത് ഒരു പുത്തൻ പെന്തക്കുസ്തയാണ്. ആത്മനിമഗ്നതയിലും (Self-indulgence) വംശീയവും മതാത്മകവുമായ സ്വത്വബോധത്തിലും ആരും കുടുങ്ങിപ്പോകരുത്. സ്ത്രീപുരുഷന്മാരുടെ മഹത്ത്വത്തോടുള്ള ബഹുമാനത്തിൽ വളരാൻ, എല്ലാവർക്കും യഥാർത്ഥ ജീവൻ നല്കുന്ന ഉത്ഥിതനായ കർത്താവിന്റെ സത്യത്തിലേക്ക് കൂടുതൽ ആഴത്തിൽ മാനസാന്തരപ്പെടാൻ, ആഹ്വാനം ചെയ്തുകൊണ്ട് യേശുവിന്റെ ഈസ്റ്റർ സംഭവം ലോകങ്ങളുടെയും മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഇടുങ്ങിയ പരിധികൾ തകർത്തു മുന്നേറുന്നു.

സഭയുടെ മിഷൻ നാം നമ്മുടെ അമ്മയായ മറിയത്തെ ഏല്പിക്കുന്നു. പരിശുദ്ധ കന്യക മനുഷ്യാവതാരത്തിന്റെ നിമിഷംമുതൽ തന്റെ തീർത്ഥാടനം തുടങ്ങി. അവൾ യേശുവിന്റെ മിഷനിൽ പൂർണമായി ഉൾപ്പെട്ടിരുന്നു. കുരിശിൻചുവട്ടിൽ തന്റേതായിത്തീർന്ന മിഷൻ ആണ് അത്. ആത്മാവിലും വിശ്വാസത്തിലും ദൈവത്തിന്റെ പുതിയ പുത്രീപുത്രന്മാരെ ജനിപ്പിക്കുന്നതിൽ സഹകരിക്കുന്ന മിഷൻ ആണത്.

മാക്സിമും ഇല്ലൂദ് ഒരു മിഷണറി ഉറവിടമായി പണ്ടേ നിർദേശിച്ചിട്ടുള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളെക്കുറിച്ച് ചുരുക്കത്തിൽ പറഞ്ഞുകൊണ്ട് ഇത് ഉപസംഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ സഭയുടെ സാർവത്രികതയ്ക്ക് സേവനം ചെയ്യുന്നു. മാർപാപ്പായ്ക്ക് മിഷണറി സമർപ്പണത്തിൽ നല്കുന്ന പിന്തുണയുടെ ആഗോള നെറ്റ്‌വർക്കായിട്ട് അവ പ്രവർത്തിക്കുന്നു. ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളിൽ നിന്നുള്ള പ്രാർത്ഥന, പ്രേഷിത ചൈതന്യം, പരസ്നേഹപരമായ ദാനങ്ങൾ എന്നിവകൊണ്ടാണ് പിന്തുണ നല്കുന്നത്. വ്യക്തിസഭകളുടെ സുവിശേഷവത്കരണ പരിശ്രമങ്ങളിലും (വിശ്വാസ പ്രചാരത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റി) പ്രാദേശിക വൈദിക പരിശീലനത്തിലും (വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ പൊന്തിഫിക്കൽ സൊസൈറ്റി) കുട്ടികളിൽ മിഷണറിബോധം ഉണർത്തുന്നതിലും (പൊന്തിഫിക്കൽ സൊസൈറ്റി ഓഫ് മിഷണറി ചൈൽഡ്ഹുഡ്) ക്രൈസ്തവ വിശ്വാസത്തിന്റെ മിഷണറിമാനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും (പൊന്തിഫിക്കൽ മിഷണറി യൂണിയൻ) അവ മാർപാപ്പായെ സഹായിക്കുന്നു. ഈ സൊസൈറ്റികൾക്കുള്ള എന്റെ പിന്തുണ ഞാൻ നവീകരിക്കുന്നു. 2019 ഒക്ടോബറിലെ അസാധാരണ മിഷൻമാസാചരണം അവയുടെ മിഷണറി നവീകരണത്തിന് സഹായകമാകുമെന്നും അങ്ങനെ അവ എന്റെ ശുശ്രൂഷയെ കൂടുതൽ സഹായിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മിഷണറിമാരായ സഹോദരങ്ങൾക്കും, മാമ്മോദീസായുടെ ശക്തിയാൽ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ എന്തെങ്കിലും വിധത്തിൽ പങ്കുചേരുന്നവർക്കും എന്റെ ഹൃദയംഗമമായ ആശീർവാദം ഞാൻ നല്കുന്നു.

വത്തിക്കാനിൽ നിന്ന്, ജൂൺ 9, 2019
പെന്തക്കുസ്താത്തിരുനാൾ ദിവസം
**ഫ്രാൻസിസ് പാപ്പാ**

(Edited)

**NB:** 2019 ഒക്ടോബർ 27-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## രൂപതക്കച്ചേരി

*C. 73/2019* **ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ 70-ാം ചരമവാർഷികവും ശ്രാദ്ധാചരണവും**

ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് 2019 നവംബർ 1 മുതൽ 3 വരെ തങ്കളം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിലുള്ള ദൈവദാസന്റെ കബറിടത്തിങ്കൽ വച്ച് ഉച്ചകഴിഞ്ഞ് 1.00 മുതൽ 2.30 വരെ വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും തുടർന്ന് 3.00 മണിക്ക് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. നവംബർ 4-ാം തീയതി രാവിലെ 8.30-ന് കോതമംഗലം കത്തീഡ്രലിൽ നിന്ന് ദൈവദാസന്റെ കബറിടത്തിലേക്ക് പദയാത്രയും തുടർന്ന് 10.30-ന് ദിവ്യബലിയും മറ്റുതിരുക്കർമ്മങ്ങളും നേർച്ച ഭക്ഷണവും ഉണ്ടായിരിക്കും.

ജീവിതം മുഴുവൻ ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിച്ച്, പാവപ്പെട്ടവർക്കും ആതുരർക്കും ആലംബമായി, അനേകരിൽ ദൈവരാജ്യത്തിന്റെ വിത്തുപാകിയ ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ ഓർമ്മ ആചരിക്കുന്ന ഈ പുണ്യദിനങ്ങളിൽ നടക്കുന്ന തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

*Bishop*

*C. 74/2019* **മിഷൻ ഞായർ**

ഒക്ടോബർ 27-ാം തീയതി ആഗോളതലത്തിൽ മിഷൻ ഞായർ ആഘോഷിക്കുകയാണല്ലോ. സ്വഭാവത്താൽതന്നെ പ്രേഷിതയായ സഭയിൽ ഈശോമിശിഹായുടെ പ്രേഷിതരാണ് നാമോരോരുത്തരുമെന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുകയും പ്രാർത്ഥന, ധനസഹായം, പരിത്യാഗപ്രവൃത്തികൾ എന്നിവവഴി മിഷൻപ്രവർത്തനങ്ങളെ സഹായിക്കാൻ നമുക്ക് കടമയുണ്ടെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്ന അവസരമാണ് മിഷൻ ഞായർ. മിഷൻരംഗത്ത് പീഡനം അനുഭവിക്കുന്ന നമ്മുടെ പ്രേഷിതരെ പ്രാർത്ഥനയും പ്രോത്സാഹനവും വഴി നമുക്ക് സഹായിക്കാം.

*Bishop*





*C. 75/2019* **ഒക്ടോബർ മാസത്തിലെ ജപമാല**

ജപമാല മാസമായ ഒക്ടോബർ മാസം കുടുംബങ്ങളിലെന്നപോലെ കുടുംബക്കൂട്ടായ്മകളിലും ഇടവകകളിലും ആഘോഷമായി ജപമാല ചൊല്ലുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Bishop*

*C. 76/2019* **'ആദ് ലിമിന' സന്ദർശനം**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ നമ്മുടെ സഭയിലെ മെത്രാന്മാർ 'ആദ് ലിമിന' സന്ദർശനത്തിനായി റോമിലേക്ക് പോകുകയാണ്. തിരുസഭയുടെ നെടുംതൂണുകളായ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങൾ സന്ദർശിക്കുക, പരിശുദ്ധ പിതാവിന് രൂപതയുടെ റിപ്പോർട്ട് സമർപ്പിക്കുക തുടങ്ങിയവയാണ് 'ആദ് ലിമിന' സന്ദർശനം കൊണ്ടുദ്ദേശിക്കുന്നത് (CCEO 208). ഓരോ രൂപതയും സാർവ്വത്രിക സഭയുടെ വിശാല കൂട്ടായ്മയുടെ ഭാഗമാണെന്നതിന്റെ പ്രകാശനമാണ് 'ആദ് ലിമിന' സന്ദർശനം. ഈ 'ആദ് ലിമിന' സന്ദർശനം നമ്മുടെ രൂപതയ്ക്കും സീറോമലബാർ സഭയ്ക്കും സമൃദ്ധമായ ദൈവാനുഗ്രത്തിന്റെ അവസരമാകുവാൻ നിങ്ങളെല്ലാവരും പ്രാർത്ഥിക്കുമല്ലോ. നമ്മുടെ അഭിവന്ദ്യപിതാവ് 'ആദ് ലിമിന' സന്ദർശനത്തിനുശേഷം ഇരിഞ്ഞാലക്കുട രൂപത, കുഴിക്കാട്ടുശ്ശേരി ഇടവക വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ ആഗോള സഭയുടെ വിശുദ്ധയായി പ്രഖ്യാപിക്കുന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് ഒക്ടോബർ ഇരുപതാം തീയതി തിരിച്ചെത്തുന്നതാണ്.

*Protosyncellus*

*C. 77/2019* **Monthly Recollection for Priests**

John 10:11-17

This Passage manifests the vivid picture of Jesus Christ the good Shepherd and invites every priest to be a good pastor.

a) Jesus mentions the qualities of a good pastor

- He never has the mind of a hired labourer
- He knows the sheep personally and loves and cares for them.
- He never abandons the sheep and seeks after the lost one.
- He is ready to surrender everything, even his own life for the sheep.

b) Priest represent or make the presence of both Christ the Shepherd and the Holy Mother Church.

- They are to be faithful to the teaching and directives of the Church.
- They lead the people to the Church and Christ
- They relate with the people positively and personally
- The encourage and accompany the faithful
- They communicate with them friendly and caringly, and are not aggressive helpers
- The ministerial duty of the Priest is not a favour to but a right of the people

*Syncellus*

*C. 78/2019* **മരണം: സ്വർഗ്ഗത്തിലേക്കുള്ള കവാടം**

മരണവും മരണാനന്തരജീവിതവും പലതരത്തിലുള്ള വിവാദങ്ങൾക്കും വികലമായ വിശ്വാസവീക്ഷണത്തിനും വിഷയീഭവിക്കുന്ന വിശ്വാസ പ്രതിസന്ധി നാം അഭിമുഖീകരിക്കുന്നുണ്ട്. ദൈവത്തിന്റെ അസ്തിത്വം തന്നെ സംശയിക്കുന്നവർക്ക് മരണമെന്നത് ഒരവസാനമാണ്. മനുഷ്യന് ആത്മാവുണ്ടോ എന്ന് ശങ്കിക്കുന്നവർക്ക് മരണാനന്തരജീവിതത്തേപ്പറ്റിയുള്ള സംശയങ്ങൾ തീർത്തും സ്വാഭാവികമാണ്. കറയറ്റ ദൈവവിശ്വാസത്തിന്റെയും കത്തോലിക്കാ പ്രബോധനത്തിന്റേയും വെളിച്ചത്തിൽ മരണമെന്നത് പ്രത്യാശയോടെ സമീപിക്കേണ്ട സുന്ദരനിമിഷമാണ്. “ദൈവമെ അങ്ങിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമാണ്”, വിശുദ്ധ ആഗസ്തീനോസിന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നത് മരണമെന്നത് ആനന്ദത്തിന്റെ ആരംഭം എന്നുള്ളതാണ്.

മരണാനന്തരജീവിതത്തെപ്പറ്റി കത്തോലിക്കാ സഭയ്ക്ക് വ്യക്തമായ പഠനങ്ങളും കാഴ്ചപ്പാടുകളും ഉണ്ടോ? വിശ്വാസത്തിന്റെ നിക്ഷേപങ്ങളായ വി. ഗ്രന്ഥം, വി. പാരമ്പര്യം, പ്രബോധനം എന്നിവയേക്കാൾ സ്വകാര്യ വെളിപാടുകളെയും ദർശനങ്ങളെയും കൂടുതലായി ആശ്രയിച്ച് മരണാനന്തര ജീവിതത്തെ അവതരിപ്പിക്കേണ്ടേ എന്ന ഒരു ചിന്ത ചിലരിലെങ്കിലും കാണുന്നുണ്ട്.





കത്തോലിക്കാസഭയ്ക്ക് മരണാനന്തരജീവിതത്തേപ്പറ്റി വ്യക്തമായ പഠനങ്ങളുണ്ട്. ‘എസ്കറ്റോളജി’ എന്ന ദൈവശാസ്ത്ര ശാഖതന്നെ ഇതിന്റെ പ്രകടമായ ഉദാഹരണമാണ്.

* വിശ്വാസപ്രമാണത്തിൽ നാം ഏറ്റു ചൊല്ലുന്ന ശരീരത്തിന്റെ ഉയിർപ്പും നിത്യജീവനും.

* CCC Part 1 Section 2 Chap. 2 Art. 7

* CCC Part 1 Section 2 Chap. 3 Art. 9 § 5

* CCC Part 1 Section 2 Chap. 3 Art. 11&12

* ഇതു കൂടാതെ കാലാകാലങ്ങളിൽ ചാക്രികലേഖനങ്ങളിലും വിശ്വാസതിരുസംഘത്തിന്റെ ലേഖനങ്ങളിലും വ്യക്തമായ നിർദ്ദേശങ്ങളും പഠനങ്ങളും നൽകുന്നുണ്ട്. വി. ഗ്രന്ഥത്തിലും വി. പാരമ്പര്യങ്ങളിലുമുള്ള പരാമർശങ്ങളെ നാം എങ്ങനെ മനസ്സിലാക്കണം എന്നതിന് CDF 1979 -ൽ ഇറക്കിയ 'Letter on Certain Questions Concerning Eschatology' എന്ന രേഖയിലെ ഏതാനും നിർദ്ദേശങ്ങൾ ഉദാഹരണമായി നൽകുന്നു.

1. മരണാനന്തര ജീവിതത്തെക്കുറിച്ച് അടിസ്ഥാനപരമായ ദർശനങ്ങളും ഉൾക്കാഴ്ചകളും വി. ഗ്രന്ഥത്തിൽ നിന്നും സഭയുടെ പഠനങ്ങളിൽ നിന്നും ലഭ്യമാണ്.

2. ഓരോ വ്യക്തിക്കും തന്റെ ഭാവനയ്ക്കും ഇഷ്ടത്തിനുമനുസരിച്ച് വ്യാഖ്യാനിക്കാനുള്ളവയല്ല മരണാനന്തരജീവിതത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ. അതുകൊണ്ടുതന്നെ അബദ്ധജടിലവും സാങ്കല്പികവുമായ പരാമർശങ്ങൾ ഉപേക്ഷിക്കണം.

3. നിത്യജീവിത യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കാൻ വി. ഗ്രന്ഥം ഉപയോഗിക്കുന്ന ദൃഷ്ടാന്തങ്ങളെ നാം ആദരിക്കണം. അവയുടെ അർത്ഥതലങ്ങളെ കണ്ടെത്തണം. Apocalyptic സാഹിത്യരൂപത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കണം.

ഇവയെല്ലാം മരണാനന്തരജീവിതത്തെക്കുറിച്ച് കത്തോലിക്കാ സഭയ്ക്ക് വ്യക്തമായും ആധികാരികവുമായ പഠനങ്ങളുണ്ടെന്ന് തെളിയിക്കുന്നു.

★ ദൈവവുമായിട്ടുള്ള സഹവാസമാണ് മരണാനന്തരജീവിതത്തിന്റെ കാതൽ. ദൈവവുമായി ബന്ധപ്പെടുത്തിയും ക്രിസ്തുവിനെ കേന്ദ്രീകരിച്ചുമാണ് മരണാനന്തരജീവിതത്തെപ്പറ്റിയുള്ള പ്രബോധന

ങ്ങൾ നിലകൊള്ളുന്നത്. ദൈവശാസ്ത്രജ്ഞനായ ബെൽത്താസർ പറയുന്നു: "ദൈവത്തെ നേടുന്നതാണ് സ്വർഗ്ഗം; ദൈവത്തെ നഷ്ട പ്പെടുന്നതാണ് നരകം. ദൈവം നടത്തുന്ന തെരഞ്ഞെടുപ്പാണ് വിധി. ദൈവം ശുദ്ധീകരിക്കുന്നതാണ് ശുദ്ധീകരണാവസ്ഥ." പ്രാർത്ഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമവും (lex orandi lex credendi) എന്ന തിനാൽ ആരാധനാക്രമത്തിലും അടിസ്ഥാനമിട്ടുവേണം വിശ്വാസര ഹസ്യങ്ങളെ ഉൾക്കൊള്ളാൻ. കൂദാശകളിലും മൃതസംസ്കാരശുശ്രൂ ഷകളിലും മരണത്തെയും മരണാനന്തരജീവിതത്തെയുംകുറിച്ചുള്ള സഭയുടെ വിശ്വാസ നിലപാടുകൾ പ്രകടമാണ്.

★ 'മരണശേഷം ആത്മാവ് എവിടെ പോകും? പ്രേതമുണ്ടോ?' മര ണാനന്തരജീവിതവുമായി ബന്ധപ്പെട്ട് പതിവായി കേൾക്കുന്ന ചോദ്യ ങ്ങളാണ് ഇവ. മരിച്ചവരുടെ ആത്മാക്കൾ തനതുവിധിക്കുശേഷം സ്വർഗ ത്തിലോ (CCC 1024-1027) നരകത്തിലോ (CCC 1033) ശുദ്ധീകരണാ വസ്ഥയിലോ (CCC 1031) ആയിരിക്കും. ശുദ്ധീകരണാവസ്ഥയിലെ ആത്മാക്കൾ വിശുദ്ധീകരണത്തിനുശേഷം സ്വർഗീയ ആനന്ദത്തിലേക്ക് പ്രവേശിക്കും. മരിച്ചവരുടെ ആത്മാക്കൾ ഭൂമിയിൽ അലഞ്ഞുതിരിഞ്ഞു നടക്കുമെന്നതും ജീവിച്ചിരിക്കുന്നവരുടെമേൽ ആവസിക്കുമെന്നതും തെറ്റായ വിശ്വാസമാണ്. പ്രേതമെന്നത് മൃതശരീരത്തെ സൂചിപ്പിക്കുന്ന സാങ്കേതിക പദം മാത്രമാണ്. മരിച്ചവരുടെ ആത്മാക്കളെയും അശു ദ്ധാത്മാക്കളെയും വേർതിരിച്ചുവേണം മനസ്സിലാക്കാൻ. ബൈബിളിൽ പ്രതിപാദിക്കുന്ന അശുദ്ധാത്മാക്കളും മരിച്ചുപോയവരുടെ ആത്മാ ക്കളും രണ്ടും രണ്ടാണ്.

മരിച്ചവരുടെ ആത്മാക്കൾ ചില വിശുദ്ധർക്ക് പ്രത്യക്ഷപ്പെട്ട് പ്രാർത്ഥനാസഹായം ആവശ്യപ്പെടുന്ന സംഭവങ്ങളെ ദൈവം ചില വ്യക്തികൾക്ക് നൽകുന്ന ദർശനങ്ങളും ആത്മീയാനുഭൂതികളുമായി മനസ്സിലാക്കിയാൽ മതി. ഇത്തരം അനുഭവങ്ങളെ ആത്മാക്കളുടെ സന്ദർശനമായി മനസ്സിലാക്കേണ്ടതില്ല. മരിച്ചവർക്കുവേണ്ടി പ്രാർത്ഥി ക്കണമെന്ന സന്ദേശം നൽകാൻ ദൈവം അനുവദിച്ച ആത്മീയ അനു ഭവമായി മനസ്സിലാക്കാനുള്ള വിശ്വാസ പക്വത ആർജ്ജിക്കണം.

★ ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കു ഭൂമിയിലുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കുമോ?

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നതിനെ പുണ്യവാന്മാ രുടെ ഐക്യവുമായി ബന്ധപ്പെട്ടേ മനസ്സിലാക്കാൻ സാധിക്കൂ. വി.





ഗ്രന്ഥത്തിലും വി. പാരമ്പര്യങ്ങളിലും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയേപ്പറ്റി പരാമർശമുണ്ട്. വിജയസഭയും സമരസഭയും സഹ നസഭയും തമ്മിലുള്ള ഐക്യമാണ് പരസ്പരം പ്രാർത്ഥിക്കുന്നതിന്റെ അടിസ്ഥാനം. ശുദ്ധീകരണാവസ്ഥയിലെ ആത്മാക്കൾക്ക് അവർക്കുവേണ്ടിത്തന്നെ ഒന്നും ചെയ്യുവാൻ സാധിക്കില്ല; എന്നാൽ ഭൗമിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കും (CCC 958), 2 മക്കബായർ 12-ലും 2 തിമോ. 1:16-18 ലും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നാം കാണുന്നു. സഭയുടെ സജീവപാരമ്പര്യത്തിലും മരി ച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ സാക്ഷ്യങ്ങൾ ഉണ്ട്. ഭൂഗർഭ സിമിത്തേരികളിൽ നിന്നും ഇതിനുള്ള തെളിവുകൾ ലഭിച്ചിട്ടുണ്ട്. വി. കുർബാനയിൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് സഭയുടെ ആദ്യ കാലം മുതൽ തന്നെ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന സഭയി ലുണ്ടായിരുന്നു എന്നതിന്റെ ഏറ്റവും ശക്തവും പുരാതനവുമായ തെളി വാണ്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ജീവിച്ചിരിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്നും ഇത് വിശുദ്ധവും രക്ഷാകരവുമാണെന്നും സഭ പഠിപ്പിക്കുന്നു (LG -50).

★ പൂർവ്വീകശാപം എന്നതിനെ ഈ ഉത്തരവാദിത്വത്തിന്റെ പശ്ചാ ത്തലത്തിൽ വേണം മനസ്സിലാക്കാൻ. പൂർവ്വീകശാപം എന്നൊന്നില്ല എന്ന് സഭ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ഈ വിധത്തിൽ ഉണ്ടാകുന്ന സഹനങ്ങൾ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള രക്ഷാകരമായ ഓർമ്മപ്പെടുത്തലായി വേണം മനസ്സിലാക്കാൻ.

മരണമെന്നത് സ്നേഹനിധിയായ പിതാവിന്റെ പക്കലേക്കുള്ള മടക്കമാണ്. വി. യോഹന്നാന്റെ സുവിശേഷം 13:1 -ൽ ഈശോയുടെ മരണത്തെ വി. യോഹന്നാൻ സൂചിപ്പിക്കുന്നത് പിതാവിന്റെ പക്കലേ ക്കുള്ള യാത്ര എന്നാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം മരണം പ്രത്യാശയുടെ പൂർത്തീകരണവുമാണ്. നിത്യാനന്ദത്തിന്റെ ആരംഭമായ മരണത്തെ ഒറ്റവാക്കിൽ പ്രത്യാശ എന്ന് വിളിക്കാം. ദൈവികപുണ്യമായ പ്രത്യാശയെ കത്തോലിക്കാസഭയുടെ മതബോ ധനഗ്രന്ഥം ഇപ്രകാരം നിർവചിക്കുന്നു. "ക്രിസ്തുവിന്റെ വാഗ്ദാന ങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിൽ ആശ്രയിക്കാതെ പരി ശുദ്ധാത്മാവിന്റെ കൃപാവരസഹായത്തിൽ ആശ്രയിച്ചും നമ്മുടെ സൗഭാഗ്യമെന്ന നിലയിൽ സ്വർഗ്ഗരാജ്യത്തെയും നിത്യജീവിതത്തെയും

നാം ആഗ്രഹിക്കുന്നത് ഏതു സുകൃതത്താലാണോ അതാണ് പ്രത്യാശ" CCC 1817.

ക്രിസ്തുവിലൂടെ മരണം നിത്യജീവനിലേക്കുള്ള വാതായനമായി മാറി. ക്രിസ്തുവിനെ അനുഗമിക്കുന്നവർ എന്ന നിലയിൽ മരണത്തെ വിശ്വാസത്തോടും പ്രത്യാശയോടും കൂടി നോക്കിക്കണ്ട് അനുദിനജീവിതത്തെ ക്രമപ്പെടുത്തുവാനും അതുവഴി മരണമെന്ന കവാടത്തിലൂടെ നിത്യജീവനിലേക്ക് പ്രവേശിക്കാനുള്ള വിളിയാണ് നമുക്കുള്ളത്. ദൈവഹിതം അനുസരിച്ച് ജീവിക്കുന്നവർക്ക് മരണം സ്വർഗ്ഗത്തിലേക്കുള്ള കവാടമാണ്.

*C. 79/2019* **കുർബാനക്കണക്കും കുമ്പസാരപത്തേന്തിയും**

പരിശോധനയ്ക്കായി കുർബാന കണക്കും, പുതുക്കുന്നതിനായി കുമ്പസാരപത്തേന്തിയും ഏല്പിച്ചിട്ടില്ലാത്ത വൈദികർ എത്രയും വേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

*Chancellor*

*C. 80/2019* **കുർബാന നിയോഗങ്ങൾ**

ജൂലൈ മാസത്തിലെ ധ്യാനത്തിൽ പങ്കെടുക്കാത്തവർ താഴെ പറയുന്ന നിയോഗങ്ങളിൽ കുർബാന അർപ്പിക്കണമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഇത് ബൈനേഷൻ കുർബാനയല്ല എന്ന കാര്യം പ്രത്യേകം ഓർക്കുമല്ലോ.

രൂപതയിലെ വൈദികർക്കായി – 1
അഭിവന്ദ്യ പിതാവിന്റെ നിയോഗങ്ങൾക്കായി – 4
(ഉപവി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന്).

*Chancellor*

*Pr. C. 3/2019* **Presbyteral Council - 12 September 2019**

The council meeting began at 3.00 pm with a prayer. Msgr. George Oliapuram gave a warm welcome to all. The secretary read out the report of the previous meeting and it was passed unanimously. In the introductory talk His Excellency spoke of some of the important issues handled by the latest Archiepiscopal Synod. He explained the context for the observation of Spiritual Empowerment Year from 1st October 2019 to 30th September 2019. Young priests are to be utilized for preaching ministry.

General discussion started with the main theme - the celebration of Spiritual Empowerment Year. The meeting discussed in detail the ten





points given in the diocesan bulletin. Missionary aspect of the church also must be given due importance since the Holy Father declared October 2019 as Extra-Ordinary Mission month. The Spiritual Empowerment Year can be inaugurated on 29th September since it is a Sunday and can be concluded on 26th September 2020. Parish level one day celebration may be arranged as early as possible in consultation with the Curia. Forane level meetings with the participation of parish councilors, Leaders of organizationsand faith formatters may be conducted by the forane Vicars. A diocesan gathering for the missionaries may be arranged on 12th May 2020. Common celebration may be arranged at the end of Eparchial Assembly to be conducted from 23rd to 26th September 2020. A committee for the forth-coming Eparchial Assembly may be formed with 15 members including the last selected three members. The following topics are proposed for discussion in the assembly; 1. Ongoing formation of Priests. 2. Job opportunities for youngsters. 3. Improvement of the Agricultural field 4. Equality of Dalit Christians.

A Safe Environment Committee may be formed following the statutes formulated by Diocese of Mananthavady recently. Construction works in parishes may be supervised by the priests. A minimum know how regarding construction is a must. Regarding regular foreign trips by some priestsit is suggested that those who are getting chances may be allowed to go but trips by same persons as spiritual guides may be discouraged. Talented young priests may be sent for higher studies and given stipend and course fee. Priests appointed in our institutions and earn salary must give due share of their salary to the diocese. Those who get government salary may contribute their salary to the diocese after taking Rs. 24000.00 and others taking salary from the institutions may contribute after taking Rs. 18000.00. Priests are not supposed to receive salary or allowance from two sources. Provision for a chaplain in hospitals and schools is the need of the time. Flood relief fund may be collected in parishes and forwarded to the Diocese.

The meeting came to an end by 5.30 pm with concluding talk of Msgr. Cherian Kanjirakompil and prayer by Msgr. Francis Keerampara.

*Secretary*

## മൈനർ സെമിനാരി

*MS 24/2019* **ദൈവവിളിക്യാമ്പ്**

സെപ്തംബർ 14, 15 തീയതികളിൽ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളി ക്യാമ്പ് നടത്തി. 43 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. കുട്ടികളെ പറഞ്ഞയച്ച ബഹു. വൈദികർക്ക് പ്രത്യേകം നന്ദി.

*MS 25/2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | John Tharian Elenjickal, Inchoor | ₹ | 10,000 |
| 2 | Fr. Thomas Kalariparambil | ₹ | 15,000 |
| 3 | One benefactor | ₹ | 10,000 |
| 4 | Alekutty George Oliapuram, Mathirappilly | ₹ | 16,000 |
| 5 | One benefactor | ₹ | 10,000 |
| 6 | St. Rita's Church, Kaliyar | ₹ | 25,000 |
| 7 | One benefactor | ₹ | 1,000 |
| 8 | Elsamma Thomas Thayyil, Nediasala | ₹ | 25,000 |
| 9 | One benefactor | ₹ | 100,000 |

*Rector*

## വിജ്ഞാനഭവൻ

*V. 85/2019* **ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 13-ന്**

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 13 ഞായറാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുമുള്ള പാഠങ്ങളുമാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുകളിൽ പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും, നമസ്കാരങ്ങളെ സംബന്ധിച്ചും, ബൈബിൾ ഭാഗങ്ങളിൽ നിന്നും, പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ ഒക്ടോബർ 12-ാം തീയതി മേഖലാകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

| | | |
|---|---|---|
| Std I - IX Classes | 11.00 am | - 1.00 pm |
| Std X, XI, XII Classes | 2.00 pm | - 4.00 pm |





**X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകളിലെ മാർക്കുകൾ** സൈറ്റിൽ എന്റർ ചെയ്യേണ്ടതാണ്. ഉത്തരക്കടലാസുകൾ ഒക്ടോബർ 28 -ന് മേഖലാകേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്. വിജ്ഞാനഭവൻ ഓഫീസിൽ മറ്റു ദിവസങ്ങളിലും ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതാണ്.

NB: 1, 2 ക്ലാസ്സുകളിൽ എഴുത്ത് പരീക്ഷ ആയിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

**മാർക്ക് സൈറ്റിൽ എന്റർ ചെയ്യണം. വിജ്ഞാനഭവനിൽ നിന്നും തരുന്ന A ലിസ്റ്റിൽ മാർക്കെഴുതി ഉത്തരക്കടലാസ്സിനൊപ്പം തരണം.**

*V. 86/2019* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം - ഒക്ടോബർ 20**

വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച ആണ്. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 571 മുതൽ 682 വരെയുള്ള നമ്പറുകൾ, 'വഴിതെറ്റാത്ത വിശ്വാസം', 'വിശ്വാസവഴിയിലെ സംശയങ്ങൾ' 6-11 വരെയുള്ള ഭാഗങ്ങൾ എന്നിവയാണ് പാഠഭാഗങ്ങൾ. ഉപപാഠപുസ്തകത്തിലെ പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

| | | |
|---|---|---|
| **ഇടവകതലം** | : | **2019 ഒക്ടോബർ 20 ഞായർ** |
| **സമയം** | : | **12.00 noon - 01.00 pm** (അതാത് ഇടവകകളിൽ). |
| **രൂപതാതലം** | : | **2019 ഡിസംബർ 14 ശനി** |
| **സമയം** | : | **10.30 am - 12.00 noon** |
| **സ്ഥലം** | : | **വിജ്ഞാനഭവൻ കേന്ദ്രം** |

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസുകളും വിജയികളായവരുടെ പേരും, ഒക്ടോബർ 28-ാം തീയതി (28-ാം തീയതി മാത്രം) മേഖലാകേന്ദ്രത്തിൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ മറ്റുദിവസങ്ങളിലും എത്തിക്കാവുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്. ചോദ്യപേപ്പറുകൾ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യ

പേപ്പറിന്റെ കൂടെ ലഭിക്കുന്നതാണ്. ചോദ്യപേപ്പറുകൾ വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്.

❁ സൈറ്റിൽ എന്റർ ചെയ്യണം. പ്രിന്റ് വിജ്ഞാനഭവനിൽ എടുക്കുന്നതാണ്.

*V. 87/2019* **വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം**

**"സഭയെ അറിയാം, സഭയോടൊത്ത് വളരാം"** എന്നതായിരിക്കും ലേഖനവിഷയം. ലേഖനം 15 പേജിൽ കവിയരുത്. ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി ഒക്ടോബർ 30 ആണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനങ്ങൾ നല്കുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്.

*V. 88/2019* **കവിതാ രചന**

വിഷയം : "സഭയെ അറിയാം സഭയോടൊത്ത് വളരാം." ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വേദപാഠക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് മത്സരം നടത്തുന്നത്. A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ ഒക്ടോബർ 30-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

*V. 89/2019* **Std VIII - കുട്ടികൾക്കായി ഏകദിനസെമിനാർ**

8-ാം ക്ലാസ്സിലെ കുട്ടികൾക്കായി ഏകദിനസെമിനാർ ഈ വർഷവും ഫൊറോനാതലത്തിൽ സംഘടിപ്പിക്കുകയാണ്. ലൈംഗികവിദ്യാഭ്യാസം, ജീവിതമര്യാദകൾ എന്നീ വിഷയങ്ങളെ ആസ്പദ





മാക്കിയാണ് സെമിനാർ. നാല് സെന്ററുകളിൽ വച്ച് നവംബർ 17, 24 , ഡിസംബർ 1, 15 എന്നീ ഞായറാഴ്ചകളിലാണ് സെമിനാർ നടത്തുന്നത്.

8-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർ അതാത് ഇടവകകളിൽ നിന്നും കുട്ടികളെ കൂട്ടിക്കൊണ്ടുവരണം എന്നഭ്യർത്ഥിക്കുന്നു. **സമയം : 9.30 മുതൽ 3.30 വരെ.** പുസ്തകം, പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

*V. 90/2019* **PTA സെമിനാർ**

ഈ വർഷത്തെ PTA സെമിനാർ ഒക്ടോബർ 20-ാം തിയതി ഞായറാഴ്ച NESTT- ൽ വച്ച് നടത്തപ്പെടുന്നതാണ്. PTA പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, MPTA മെമ്പർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇവർക്ക് അസൗകര്യം ഉണ്ടെങ്കിൽ മറ്റു മെമ്പർമാരെ വിടാവുന്നതാണ്. സെമിനാർ രാവിലെ 9.30-ന് വി. കുർബാനയോടുകൂടി ആരംഭിച്ച് വൈകിട്ട് 3.30-ന് അവസാനിക്കുന്നതാണ്. പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം ഉണ്ടായിരിക്കും. ഒക്ടോബർ 10-ന് മുമ്പായി പങ്കെടുക്കുന്നവരുടെ എണ്ണം നൽകേണ്ടതാണ്.

*V. 91 /2019* **SMC അവാർഡ് 2019-20 റീജണൽ തിരഞ്ഞെടുപ്പ്**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാപുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. താഴെ പറയുന്ന ക്രമത്തിലായിരിക്കും അത് നടത്തുന്നത്.

**A - ഇടവകതലം**

വിദ്യാർത്ഥിയുടെ വിശ്വാസപരിശീലനനിലവാരം, ധാർമ്മിക വീക്ഷണങ്ങൾ, വ്യക്തിഗത കഴിവുകൾ, സാമൂഹ്യപ്രതിബദ്ധത എന്നിവ കണക്കിലെടുത്ത് ഇടവകയിലെ മികച്ച രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും തെരഞ്ഞെടുത്ത് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാതലത്തിലേക്ക് അയയ്ക്കുന്നു. **രൂപതാകേന്ദ്രത്തിൽ സാക്ഷ്യപത്രം നൽകുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 20 ആണ്.**

**B – രൂപതാതലം**

രൂപതാതലത്തിൽ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശില്പശാലയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളെയും പെൺകുട്ടികളെയും രൂപതാ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടുകൂടി സഭാതലത്തിലേക്ക് അയയ്ക്കുന്നു. രൂപതാതല സെമിനാർ നവംബർ 9-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്.

**C – സഭാതലം**

രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട് വരുന്നവർക്കായി സഭാസമിതിയുടെ നേതൃത്വത്തിൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു.

NB: **പ്രൈവറ്റ് രജിസ്ട്രേഷൻ ആയി പരീക്ഷ എഴുതുന്ന കുട്ടികളെ ക്യാമ്പിന് വിടേണ്ടതില്ല.**

**കുട്ടികളുടെ പേര് സൈറ്റിൽ എന്റർ ചെയ്യണം. പ്രിന്റ് വിജ്ഞാനഭവനിൽ എടുക്കുന്നതാണ്.**

*V. 92/2019* **വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയായവർ തങ്ങളുടെ ഫയലിൽ തന്നിരിക്കുന്ന ഫോം പൂരിപ്പിച്ച് ഒക്ടോബർ 15-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ടതാണ്. പിന്നീട് കിട്ടുന്നത് ദൈവരാജ്യത്തിൽ ചേർക്കുവാൻ സാധിക്കുന്നതല്ല.

സർവീസ് ബുക്കിന്റെ കോപ്പി ഇല്ലാത്തവ സ്വീകരിക്കുന്നതല്ല. സർവീസ് ബുക്കിന്റെ കോപ്പിയിൽ ഫോട്ടോ പതിച്ച പേജ്, വികാരിയച്ചൻ ഒപ്പിട്ട പേജ് എന്നിവ ഉണ്ടായിരിക്കണം.

*V. 93/2019* **ഓർഡർ ഫോം**

വിശ്വാസോത്സവം, സൺഡേ സ്കൂൾ, ഉപപാഠം, ബൈബിൾ നേഴ്സറി എന്നീ പുസ്തകങ്ങളുടെ ഓർഡർ ഫോം സൈറ്റിൽ Enter ചെയ്യേണ്ടതാണ്. പ്രിന്റ് വിജ്ഞാനഭവൻ ഓഫീസിൽ എടുക്കുന്നതാണ്.

*Director*





## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 30/2019* **ജപമാല**

ഒക്ടോബർ മാസത്തിൽ നടത്തിവരുന്ന ജപമാല പ്രാർത്ഥന നമ്മുടെ എല്ലാ സ്കൂളുകളിലും ഭക്തിനിർഭരമായും ആത്മീയ ഉണർവ്വ് പകരുന്ന രീതിയിലും നടത്തുന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

*Edn. 31/2019* **പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

ഈ ഓഫീസിലേക്ക് അയയ്ക്കേണ്ട ഫോറങ്ങൾ യഥാസമയം പൂരിപ്പിച്ച് തരണമെന്ന് ഓർമ്മിപ്പിക്കുന്നു. ഓരോന്നിന്റെയും കോപ്പികൾ പറഞ്ഞിരിക്കുന്നത്ര എണ്ണം ഉണ്ടായിരിക്കണം.

1. F.C. Application - 3 Copies 31-12-2019 -ന് മുമ്പ്
2. Annual Report - 3 Copies 15-01-2020 -ന് മുമ്പ്

*Edn. 32/2019* **പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

പിക്നിക് അതുപോലെയുള്ള യാതൊരു പരിപാടികളും നമ്മുടെ സ്കൂളുകളിൽ ഞായറാഴ്ച ദിവസം നടത്തുവാൻ പാടില്ല. ഈ കാര്യം എല്ലാ പ്രധാന അദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*Edn. 33/2019* **അദ്ധ്യാപക സെമിനാർ**

ഈ വർഷത്തെ അദ്ധ്യാപക സെമിനാർ 12.10.2019, ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്.

സമയം – രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ.

സെമിനാർ ഫീസ് ₹ 200/-

ടീച്ചേഴ്സ് ഗിൽഡ് ഫീസ് ₹ 100/- ആകെ ₹ 300/-

അനദ്ധ്യാപകസെമിനാർ പിന്നീട് അറിയിക്കുന്നതാണ്.

*Secretary*

## ബൈബിൾ അപ്പോസ്റ്റലേറ്റ്

### *BA. 4/2019* ബൈബിൾ പഠനക്ലാസ്

രൂപത ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ അംഗീകൃതമായ ബൈബിൾ ക്ലാസ്സുകൾ ഈ വർഷം നടത്തുവാൻ താൽപര്യപ്പെടുകയാണ്. ബൈബിൾ കൂടുതൽ പഠിക്കുവാനും വചനം കൂടുതൽ ഹൃദിസ്ഥമാക്കാനും ഈ അവസരം പ്രയോജനപ്പെടുമല്ലോ. ബഹു. സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, അല്മായ പ്രേഷിതർ, യുവജനങ്ങൾ എന്നിവരെ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ക്ലാസ്സുകൾ. ഈ വർഷത്തെ ക്ലാസ്സുകൾ ഒക്ടോബർ മാസം അഞ്ചാം തീയതി ശനിയാഴ്ച ആരംഭിക്കുകയാണ്. ഈ ക്ലാസ്സുകളിലേക്ക് ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

പഠനവിഷയം - പുറപ്പാട് പുസ്തകം

**ക്ലാസ്സ് നടക്കുന്ന സ്ഥലങ്ങൾ**

| | |
|---|---|
| കോതമംഗലം | : കത്തീഡ്രൽ പള്ളി |
| പൈങ്ങോട്ടൂർ | : സെന്റ് ആന്റണീസ് ഫൊറോന പള്ളി |
| തൊടുപുഴ | : സെന്റ് സെബാസ്റ്റ്യൻ ഫൊറോന പള്ളി |
| ക്ലാസ്സ് സമയം | : 2019 ഒക്ടോബർ 05 ശനി മുതൽ 2020 ഫെബ്രുവരി 29 വരെ എല്ലാ ശനിയാഴ്ചകളിലും 2.30 pm മുതൽ 5.00 pm വരെ. |
| വാഴക്കുളം | : സെന്റ് ജോർജ്ജ് ഫൊറോന പള്ളി |
| ക്ലാസ്സ് സമയം | : എല്ലാ വെള്ളിയാഴ്ചയും ഉച്ചകഴിഞ്ഞു 3.00 pm മുതൽ 5.00 pm വരെ |

**ശ്രദ്ധിക്കുക:**

- രജിസ്ട്രേഷൻ ഫീസ് - 100 രൂപ
- ക്ലാസ്സുകളിലേക്ക് വരുമ്പോൾ സമ്പൂർണ്ണ ബൈബിൾ കൊണ്ടുവരണം.
- എല്ലാ ക്ലാസ്സുകളിലും പങ്കെടുക്കുന്നവർക്ക് പ്രത്യേക സമ്മാനങ്ങൾ നൽകുന്നതാണ്.





- പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നവർ ബഹു. വികാരി അച്ചനെയോ താഴെപ്പറയുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

ഫോൺ : 9947005704

Director

## സോഷ്യൽ സർവീസ്

### *SS. 26/2019* ക്രെഡിറ്റ് യൂണിയൻ സെൻട്രൽ കമ്മിറ്റി

ക്രെഡിറ്റ് യൂണിയന്റെ സെൻട്രൽ കമ്മിറ്റി യോഗം ഒക്ടോബർ 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് KSSS ഓഫീസിൽ വച്ച് കൂടുന്നതാണ്. എല്ലാ രൂപത ഭാരവാഹികളും പങ്കെടുക്കുമല്ലോ.

### *SS. 27/2019* ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് സന്ദർശനങ്ങൾ

നമ്മുടെ ഇടവകകളിലെ ക്രെഡിറ്റ് യൂണിയൻ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി രൂപതാഭാരവാഹികൾ ഇടവക യൂണിറ്റുകൾ സന്ദർശിക്കുന്നതാണ്. മുൻകൂട്ടി അറിയിക്കുന്നതനുസരിച്ച് വേണ്ടതായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഓഡിറ്റ് നടത്താത്ത യൂണിറ്റുകൾ എത്രയുംവേഗം നടത്തേണ്ടതാണ്.

### *SS. 28/2019* പെൺകുട്ടികൾക്കുള്ള സാമ്പത്തിക സുരക്ഷാപദ്ധതി

"സുകന്യ സമൃദ്ധി യോജന" എന്ന പേരിൽ ഭാരതസർക്കാർ പെൺകുട്ടികളുടെ ശോഭനമായ ഭാവിക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് നമ്മുടെ പള്ളികളിൽ അറിയിക്കുന്നത് ഏറെപേർക്ക് ഉപകരിക്കും. ഇതിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾക്ക് KSSS ഓഫീസുമായി ബന്ധപ്പെടുക. പ്രധാന സവിശേഷതകൾ താഴെ കൊടുക്കുന്നു.

പത്ത് വയസ്സിൽ താഴെയുള്ള പെൺകുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങുക. ഓരോ മാസവും 1000 രൂപ വീതം 15 വർഷത്തേക്ക് നിക്ഷേപിക്കുക. ഇങ്ങനെ നിക്ഷേപിക്കുന്ന ആകെത്തുക 1,80,000 രൂപയാണല്ലോ. (1000 x 12 x 15 = 180,000) ഈ തുക അക്കൗണ്ട് തുടങ്ങിയിട്ട് 21 വർഷം പൂർത്തിയാകുമ്പോൾ പിൻവലിക്കാം. അപ്പോൾ അഞ്ചുലക്ഷത്തിനും ആറുലക്ഷത്തിനും ഇടയിലുള്ള തുക തിരികെ ലഭിക്കും. അതാതു സമയങ്ങളിലെ പലിശനിരക്കനുസരിച്ച് തിരികെ ലഭിക്കുന്ന തുകയിൽ വ്യത്യാസമുണ്ടാകാം.

ഇപ്പോഴത്തെ പലിശനിരക്ക് 8.4% ആണ്. ഈ നിരക്കനുസരിച്ച് 21 വർഷം തികയുമ്പോൾ തിരികെ ലഭിക്കുന്നത് 570,205 രൂപയായിരിക്കും. (7.5% പലിശ നിരക്കാണെങ്കിൽ തിരികെ ലഭിക്കുന്ന തുക 503,352) ആണ്). പോസ്റ്റോഫീസുകളിലും SBI ഉൾപ്പെടെയുള്ള ബാങ്കുകളിലും 'സുകന്യ സമൃദ്ധി യോജന' അക്കൗണ്ട് തുടങ്ങാൻ സൗകര്യമുണ്ട്.

*SS. 29/2019* **ആശാകിരണം വിവാഹസഹായ പദ്ധതി**

മുൻപറഞ്ഞ സുകന്യ സമൃദ്ധി യോജന പദ്ധതിയോട് സഹകരിച്ചുകൊണ്ട് ആശാകിരണം പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന കാൻസർ രോഗികളുടെ 10 വയസ്സിൽ താഴെയുള്ള പെൺമക്കൾക്കായി സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്നു. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്താൽ ഉപകാരമായിരിക്കും.

a) ആശാകിരണം കാർഡ് ഇതിനോടകം ലഭിച്ചിട്ടുള്ളതും KSSS ഓഫീസിൽ നിന്നും സഹായം സ്വീകരിക്കുന്നതുമായ രോഗികളുടെ വീടുകളിൽ 10 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾ ഉണ്ടെങ്കിൽ അവരുടെ പേരുവിവരം ശേഖരിക്കുക.

b) ഒരു വീട്ടിൽ നിന്നും രണ്ടുകുട്ടികളുടെ പേരിൽ രണ്ട് അക്കൗണ്ടുകൾ തുടങ്ങാനാകും.

c) SBI യുടെ എല്ലാ ശാഖകളിലും സുകന്യ സമൃദ്ധി യോജന അക്കൗണ്ട് സൗകര്യം ലഭ്യമാണ്. മറ്റ് ചില ബാങ്കുകളും ഇത് തുടങ്ങിയിട്ടുണ്ട്. നിങ്ങളുടെ അടുത്തുള്ള ബാങ്കുമായി ബന്ധപ്പെട്ട് വിശദാംങ്ങൾ മനസ്സിലാക്കുക.

d) അർഹതയുള്ള കുട്ടികളുടെയും രക്ഷകർത്താക്കളുടെയും പേരിൽ ജോയിന്റ് ആയി "സുകന്യ സമൃദ്ധി യോജന അക്കൗണ്ട്" തുടങ്ങുക. ഈ പേരിൽ തന്നെ അക്കൗണ്ട് എടുക്കണം.

e) ഇടവകകളിലെ കാൻസർ രോഗികളുടെ മക്കളുടെ പേരിൽ ഇത്തരം അക്കൗണ്ടുകൾ തുടങ്ങുകയും ഓരോ കുട്ടിയെ ഓരോ ഭക്ത സംഘടന പൂർണ്ണമായോ ഭാഗികമായോ സ്പോൺസർ ചെയ്യുകയും ചെയ്യുന്നത് നല്ലതായിരിക്കും.





f) ആശാകിരണം കാർഡുള്ളവരുടെ മക്കൾക്കുവേണ്ടി തുടങ്ങുന്ന സുകന്യ സമൃദ്ധി യോജന അക്കൗണ്ടിന്റെ വിശദാംശങ്ങൾ KSSS ഓഫീസിൽ നൽകിയാൽ ഓരോ മാസവും 500 രൂപയിൽ കുറയാതെ ഇവിടെനിന്നും അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതാണ്. താല്പര്യമുള്ളവർ KSSS ഓഫീസുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ മനസ്സിലാക്കിയ ശേഷം അക്കൗണ്ട് തുടങ്ങുക.

*SS. 30/2019* **ആശാകിരണം പാർപ്പിട പദ്ധതി**

ഗൃഹനാഥനോ നാഥയോ കാൻസർ രോഗിയായതിന്റെ പേരിൽ നടന്നുകൊണ്ടിരുന്ന വീടുപണി മുടങ്ങിപ്പോയെങ്കിൽ, അത്തരം വീടുകളുടെ പണി പൂർത്തിയാക്കുവാൻ സാധിക്കുന്ന സാമ്പത്തികസഹായം നൽകുവാൻ ആഗ്രഹിക്കുന്നു. 50% മെങ്കിലും പണിതീർന്ന വീടിന്റെ ഫോട്ടോയും ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും ആശാകിരണം കാർഡും ചികിത്സയുടെ രേഖയുമായി KSSS ഓഫീസിൽ ബന്ധപ്പെടുക.

*SS. 31/2019* **ആശാകിരണം വിദ്യാഭ്യാസ സഹായം**

മാതാപിതാക്കളിൽ ഒരാൾക്ക് കാൻസർ രോഗം വന്നതിന്റെ പേരിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിച്ചുകൊണ്ടിരുന്ന കുട്ടികൾക്ക് സാമ്പത്തികപ്രതിസന്ധിമൂലം പഠനം തുടരുകയെന്നത് ബുദ്ധിമുട്ടായെങ്കിൽ ഉചിതമായ രേഖകളുമായി KSSS ഓഫീസിൽ ബന്ധപ്പെടുക.

*Director*

## തിരുബാലസഖ്യം

*HC. 9/2019* **രൂപതാ കലോത്സവം**

ഈ വർഷത്തെ തിരുബാലസഖ്യം കലാമത്സരങ്ങൾ ഒക്ടോബർ 26-ാം തീയതി രാവിലെ 9.30 മുതൽ മൂന്ന് റീജിയണുകളിലായി നടത്തപ്പെടുന്നു. ആനിമേറ്റേഴ്സ് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളുടെ വിശദാംശങ്ങൾ മാർഗരേഖയിൽ നൽകിയിട്ടുണ്ട്.

| | |
|---|---|
| മൂവാറ്റുപുഴ | - നിർമ്മല HSS |
| കോതമംഗലം | - സെന്റ് അഗസ്റ്റിൻസ് GHSS |
| തൊടുപുഴ | - ന്യൂമാൻ കോളേജ് |

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 65/2019* **മാലിപ്പറമ്പിൽ അനുസ്മരണം**

സെപ്തംബർ 14-ന് ആർപ്പൂക്കരയിൽ വച്ച് നടന്ന മാലിപ്പറമ്പിൽ അനുസ്മരണത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. നമ്മുടെ രൂപതയിലെ മാലിപ്പാറ ഇടവകാംഗമായ റവ. ഫാ. ഫ്രാൻസീസ് ചീരാങ്കൽ അന്നേ ദിവസം മാലിപ്പറമ്പിൽ അവാർഡ് ഏറ്റുവാങ്ങി.

*CML 66/2019* **മേഖല കലാമത്സരം**

സെപ്തംബർ 13-ാം തീയതി രൂപതയിലെ 8 മേഖലാകേന്ദ്രങ്ങളിൽ വച്ച് മേഖല കലാമത്സരം നടത്തപ്പെട്ടു. മത്സരങ്ങൾ ഏറ്റവും ഭംഗിയായി ക്രമീകരിക്കുകയും പങ്കാളിത്തംകൊണ്ട് വിജയിപ്പിക്കുയും ചെയ്ത എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും മിഷൻലീഗ് അംഗങ്ങൾക്കും നന്ദി.

*CML 67/2019* **ചെറുസൂനം സാഹിത്യശില്പശാല**

കുട്ടികളിലെ സാഹിത്യവാസന വളർത്തുന്നതിനായി സംഘടിപ്പിച്ച ചെറുസൂനം സാഹിത്യശില്പശാല സെപ്തംബർ 13, 14 തീയതികളിലായി നടത്തപ്പെട്ടു. മുപ്പത്തിയഞ്ചോളം കുട്ടികൾ പങ്കെടുത്ത ശില്പശാലയ്ക്ക് ചെറുസൂനം മാസികയിലൂടെ പരിചിതരായ സാഹിത്യകാരന്മാർ നേതൃത്വം നൽകി. സാഹിത്യശില്പശാലയ്ക്ക് നേതൃത്വം നൽകിയവർക്കും കുട്ടികളെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും നന്ദി.

*CML 68/2019* **GEMS**

ദൈവവിളി പ്രോത്സാഹനവും വ്യക്തിത്വവികസനവും ലക്ഷ്യമാക്കി 7-ാം ക്ലാസ്സിലെ കുട്ടികൾക്കായി ഒരുക്കുന്ന GEMS (God Encounters Mind and Soul) പ്രോഗ്രാമിന്റെ ഔദ്യോഗിക ഉദ്ഘാടനം സെപ്തംബർ 15-ാം തീയതി NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. തെരഞ്ഞെടുക്കപ്പെട്ട 107 കുട്ടികളും അവരുടെ മാതാപിതാക്കളുമടക്കം 300-ഓളം പേർ പങ്കെടുത്ത മീറ്റിംഗ് അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.





*CML 69/2019* **സംസ്ഥാന സാഹിത്യമത്സരം**

മിഷൻലീഗ് സംസ്ഥാന സാഹിത്യമത്സരം സെപ്തംബർ 21-ാം തീയതി മുവാറ്റുപുഴ ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളിൽ വച്ച് നടത്തപ്പെട്ടു. രൂപതാസാഹിത്യ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർ പങ്കെടുത്തു.

*CML 70/2019* **രൂപതാ കലോത്സവം**

മിഷൻലീഗ് രൂപതാ കലോത്സവം ഒക്ടോബർ 2-ാം തീയതി ബുധനാഴ്ച രാവിലെ 9.30-ന് മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

*CML 71/2019* **മിഷൻ ഞായർ**

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 27-ാം തീയതി ആഘോഷിക്കുകയാണ്. ലോകമെമ്പാടുമുള്ള എല്ലാ മിഷനറിമാരെയും അന്നേ ദിവസം ഓർമ്മിക്കുകയും മിഷനെ സഹായിക്കുകയും ചെയ്യാം.

*CML 72/2019* **മിഷൻലീഗ് സ്ഥാപകദിനം**

ഒക്ടോബർ 3-ാം തീയതി മിഷൻലീഗ് സംഘടനയുടെ സ്ഥാപകദിനം ആചരിക്കുന്നു. അന്നേദിവസം ശാഖകളിൽ പതാക ഉയർത്തി അഭിവാദനം ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

*CML 73/2019* **മേഖല സാഹിത്യമത്സരം**

മേഖലസാഹിത്യമത്സരത്തിൽ കോതമംഗലം മേഖല ഒന്നും കാളിയാർ മേഖല രണ്ടും മൂവാറ്റുപുഴ മേഖല മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

*Director*

## കെ.സി.എസ്.എൽ.

*KCSL 38/2019* **ഷോർട്ട് ഫിലിം മത്സരം (State level)**

ഈ വർഷം സംസ്ഥാന തലത്തിൽ ക്രമീകരിച്ചിരിക്കുന്ന മത്സരമാണിത്. HS, HSS വിഭാഗങ്ങൾക്കായി ഈ മത്സരം ഒരുക്കിയിരിക്കുന്നു. വിശുദ്ധി വിരിയുന്ന കൗമാരം എന്ന പഠനപുസ്തകത്തെ

ആസ്പദമാക്കി 7 മിനിട്ട് ദൈർഘ്യമുള്ള ഷോർട്ട് ഫിലിം അംഗങ്ങൾ നിർമിച്ച് രൂപതാകേന്ദ്രത്തിൽ സമർപ്പിക്കണം. രൂപതാ തലത്തിലെ വിലയിരുത്തലിന് ശേഷം മികച്ച 3 എണ്ണം സംസ്ഥാനതല മത്സരത്തിനായി നൽകുന്നു. സംസ്ഥാനതലത്തിൽ 5000, 3000, 2000 രൂപ ക്യാഷ് പ്രൈസ് ഈ മത്സര വിജയികൾക്ക് നൽകുന്നതാണ്. രൂപതാകേന്ദ്രത്തിൽ CD ഏൽപിക്കേണ്ട അവസാന ദിവസം ഡിസംബർ 15 ആയിരിക്കും. രജിസ്ട്രേഷൻ ഫീസ് - 100 രൂപ.

*KCSL 39/2019* **ഉപന്യാസരചന മത്സരം (State level)**

ആനിമേറ്റേഴ്സിനായി സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്ന മത്സരം ആണിത്. എല്ലാ ആനിമേറ്റേഴ്സിനും പങ്കെടുക്കാം

**വിഷയം:** നവോത്ഥാന വഴികളിലെ ചാവറ മുദ്രകൾ

ഉപന്യാസം രചിച്ച് ആനിമേറ്റേഴ്സ് രൂപതാകേന്ദ്രത്തിൽ ഡിസംബർ 1 -ന് മുമ്പ് സമർപ്പിക്കുക. മികച്ച 3 ഉപന്യാസങ്ങൾ സംസ്ഥാനതല മത്സരത്തിനായി സമർപ്പിക്കും. വിജയികൾക്ക് സംസ്ഥാനതലത്തിൽ 5000, 3000, 2000 രൂപ കാഷ് പ്രൈസായി ലഭിക്കും. കൂടാതെ രൂപതാതല വിജയികളായ 3 പേർക്ക് രൂപതാതല പ്രോത്സാഹനസമ്മാനവും നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

*KCSL 40/2019* **എക്സലന്റ് അവാർഡ്**

എല്ലാ വർഷവും നടത്തിവരുന്ന എക്സലന്റ് അവാർഡ് മത്സരം ഒക്ടോബർ 4, 5 തീയതികളിലായി നെസ്റ്റിൽ വച്ച് നടക്കുന്നു. 4-ാം തീയതി വൈകുന്നേരം 4.30-ന് രജിസ്ട്രേഷൻ ആരംഭിക്കും. 5-ാം തീയതി ഉച്ചഭക്ഷണത്തോടെ മത്സരം സമാപിക്കും. രജിസ്ട്രേഷൻ വെബ്സൈറ്റ് വഴി നടത്തേണ്ടതാണ്. ഒരു വിഭാഗത്തിൽ നിന്നും 5 കുട്ടികൾക്ക് പങ്കെടുക്കാം. വിജയികൾക്ക് 3001 രൂപ കാഷ് അവാർഡ് മെമെന്റോ പ്രശസ്തിപത്രം എന്നിവ സമ്മാനിക്കും.

**പഠനഭാഗങ്ങൾ**

1. വി. മത്തായി 19-28 അധ്യായങ്ങൾ
2. KCSL ചരിത്രം
3. പൊതുവിജ്ഞാനം (സഭ ആനുകാലികം)





4. വിശുദ്ധി വിരിയുന്ന കൗമാരം - പാഠപുസ്തകം
5. ഞാൻ റൊമേറോ - ഉപപാഠപുസ്തകം

*KCSL 41/2019* **സാഹിത്യോത്സവം - മത്സരവിജയികൾ**

**Essay Writing**

**UP**

I Albert Santhosh Vettukallumkuzhiyil, St. Sebastian's HS, Anicadu
II Sona Sibi Palakkattu, LFHS, Oonnukal
III Anugraha Sabu Mukudickal, St. Sebastian's HS, Thodupuzha

**HS**

I Agna Bijo Rathappillil, St. Little Theresa's HS, Vazhakulam
II Aleena Joby Ottapunnackal, St. Augustine's, Kothamangalam
III Mejo Thomas Kattithara, St. George HSS, Kothamangalam
Bintta Therese Pulakudiyil, St. Joseph's HS, Arakuzha

**HSS**

I Anna Biju Njaliparambil, St. Augustine GHSS, Kothamangalam
II Benson Benny Narithookkil, St. Joseph's HS, Paingottoor
III Simi Siby Vellappillil, St. Augustine's GHSS, Muvattupuzha

**KCSL Quiz**

**UP**

I Christeena Mariya James Kochukudy,
Aleena Antony Kuriyedam, SAGHSS, Kothamangalam
II Niga Raju Puliyamkunnel,
Rose Maria Juby Thottupattu, Jai Rani Public School, Kaliyar
III Aida Bijo Rathappillil,
Ann Jiya Ginju Kariamadathil, St. Little Theresas, Vazhakulam

**HS**

I Reeba Michale Kannumpurathu,
Theresa B Mariya Puthenpurackal, St. Mary's HSS, Kaliyar

II Aleena Vincent Velanamkuzhil,
Elizabeth Sunny Kadoothazhe, SAGHSS, Kothamangalam

III Rani Maria Jose Vettukallumparath, Rose Maria Jose Vettukallumpurath, St. Joseph's GHS, Arakuzha

**HSS**

I Alsha Elizabeth Jose Pulickampurath, Anna Vincent Valanakuzhiyil, SAGHSS, Kothamangalam

II Anjo Santy Pittappillil,
Sona Saju Kadavungal, SAGHSS, Kothamangalam

III Meera Sabu Kappalumukkal,
Mekha Benny Ellattu, St. Joseph's HSS, Paingottoor

## Poem Writing

**UP**

I Jewel Elsa Prince Puthenpurackal, St. Sebastian's HS, Thodupuzha

II Diya Shijo Pullumariyil, St. Joseph's HS, Arakuzha

III Niya Raju Paliyamkunnel, Jai Rani Public School, Kaliyar

**HS**

I Anagha Antony Nedumattom, St. George HSS, Kothamangalam

II Dona Saji Chennampillil, St. Joseph's HS, Arakuzha

III Paulson Dominic Madasseril, St. Joseph HS, Paingottoor

**HSS**

I Julia Plasid Chengalikavil, St. Joseph HSS, Paingottoor

II Sandra Biju Mukalel, St. Augustian's GHSS, Kothamangalam

III Annena K Baby Kanathil, St. Sebastian's HSS, Anicadu

## Bible Quiz

**UP**

I Joswin Vincent Kootungal,
Liyamol Sibi Kattakayathil, St. Joseph's HSS, Paingottoor

II Ans Maria Biju Mekkunnel
Alexia Mary Tijo Elavumkal, Jai Rani Public School, Kaliyar





III Maria Thomas Kattithara
Jeethu Shaju Monikattil, SAGHSS, Kothamangalam

**HS**

I Anna Maria Sojan Thachiyathu
Ann Maria Sojan Thachiyathu, SAGHSS, Kothamangalam

II Rani Maria Jose Vettukallumpurth,
Rose Maria Jose Vettukallumpurath, St. Joseph's HS, Arakuzha

III Kevin Siby, Chrisbin Siby, St. Xaviers Public School, Pothanicadu

**HSS**

I Siya Mariya Jaison Paickattu
Ans Mariya Jomy Pulpra, St. Sebastian's HSS, Anicadu

II Anu Mathew Vellapillil, Amegha Benny Kelamkunnel, SAGHSS, Muavattupuzha

III Minu Sojan Thachiyath, Ann Mary Paily Thachiyath, SAGHSS, Kothamangalam

## Scholarship Exam

**UP**

I Anu Sunny Oorasala, Asha P. Baiju Pazhayidam, LF, Oonnukal

II Thommy Chandrankunnel, Ann Mariya Siju Pulicakthadathil, St. Sebastian's HS Thodupuzha

III Olivia Robin Kalampattu, Jisna Dolphy Kuriamparabil, St. Joseph's HS, Paingottoor

**HS**

I Della Mariya George Edathala
Andriya Kurian Kozhimullorath, St. Joseph's HS, Paingottoor

II Sneha Paul Injackal, Sona Shaji Thalickal, SAGHSS, Kothamangalam

III Felix Xavier Mathew Pothanamuzhi
Alex Mathew Pothanamuzhi, St. Little Theresa's, Vazhakulam

**HSS**

I Lena Baby Pandarathikudiyil
Jomitha Joby Puthiyedath, St. Joseph's GHS, Paingottoor
II Ann Biju Njaliparambil
Sona Saju Kadavungal, SAGHSS, Kothamangalam
III Neha Maria Joshy Mazhuvancherry
Joana Elsum Manel Makkolil, SAGHSS, Muvattupuzha

## Story Writing

**UP**

I Aiswarya Reji Pottackal, St. Xavier's Public School, Pothanicadu
II Aida Bijo Rathappillil, St. Little Theresa's, Vazhakulam
III Diya Shijo Pullumariyil, St. Joseph's HS, Arakuzha

**HS**

I Jisa D Veliyath, Sobhana State EMHS, Kothamangalam
II Aleena Joby SAGHSS, Kothamangalam
III Aleena Joshy Kanaparambil, St. Sebastian's HS, Anicadu

**HSS**

I Linta John Adukuzhil, St. George HSS, Kothamangalam
II Ann Maria Tomy Thekkumkattil, SAGHSS, Kothamangalam
III Reefa Regi Mangalath, St. Augustine's GHSS, Muvattupuzha

## Water Colouring

**UP**

I Anna Biju Kallingal Vimala Matha HSS, Kadalikadu
II Nohal Paul Koottappillil, St Xavier's Public School, Pothanicadu
III Anamika Joy Naduvellil, St. Joseph's HSS, Paingottoor

**HS**

I Anna Rose Benny Pulickayath, St. Joseph's HSS, Arakuzha
II Mariat Thomas Karimathi, SAGHSS, Kothamangalam
III Albin Thomas Vadakken, Little Flower HS, Oonnukal





**HSS**

I Sandra Biju Mukalel, St. Augustine's HSS, Kothamangalam
II Dany Joy Neduvelil, St. Joseph's HSS, Paingottoor
III Sania Sojan Palakudiyil, St. Augustine's GHSS, Muvattupuzha

## Magazine Competition

**UP**

I St. Augustine's GHSS, Kothamangalam
II St. Joseph's HSS, Paingottoor
III St. Joseph's HS, Arakuzha

**HS**

I St. Joseph's HSS, Paingottoor
II St. Joseph's HS, Arakuzha
III St. Augustine's GHSS, Kothamangalam

**HSS**

I St. Augustine's GHSS, Muvattupuzha
II St. Augustine's GHSS, Kothamangalam
III St. Joseph's HSS, Paingottoor

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 52/2019* **രൂപത കൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത കൗൺസിൽ ഒക്ടോബർ 16 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ NESTT പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 53/2019* **കുടുംബ നവീകരണ ധ്യാനം**

കുടുംബ നവീകരണ ധ്യാനം ഒക്ടോബർ 18-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 4.00 മുതൽ 20-ാം തീയതി വൈകിട്ട് 5.00 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ വച്ച് നടക്കുന്നതാണ്.

### *FA 54/2019* ജൂബിലി ദമ്പതീസംഗമം

ഒക്ടോബർ 2 -ന് നടത്താൻ നിശ്ചയിച്ചിരുന്ന ജൂബിലി ദമ്പതിമാരുടെ സംഗമം ചില സാങ്കേതിക കാരണങ്ങളാൽ നവംബർ 9 ശനിയാഴ്ച രാവിലെ 9.30-ന് വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കാനുള്ളവരുടെ പേരുവിവരങ്ങളും ഫോട്ടോയും രജിസ്ട്രേഷൻ ഫീസും (100 രൂപ) സെപ്റ്റംബർ 30-ന് മുമ്പായി രൂപത ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### *FA 55/2019* വിവാഹ ഒരുക്ക ധ്യാനം

ഒക്ടോബർ മാസം 3 മുതൽ 5 വരെ നടത്താൻ നിശ്ചയിച്ചിരുന്ന വിവാഹ ഒരുക്ക ധ്യാനം 2 മുതൽ 4 വരെയായിരിക്കും.

### *FA 56/2019* യങ് കപ്പിൾസ് മീറ്റ്

വിവാഹം കഴിഞ്ഞ് 3 വർഷത്തിൽ താഴെയുള്ള ദമ്പതിമാരുടെ സംഗമം ഡിസംബർ 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്.

### *FA 57/2019* Marriage Preparation Courses in Kerala, October 2019

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| ALAPPUZHA | 8113934970 | | | | |
| BATHERY | 9526455266 | | | | 25-27 |
| CHANGANACHERRY | 0481-2424476 | | | 14-16 | 21-23 |
| ERNAKULAM (KALOOR) | 0484-2533077 | | 6-8 | 14-16 | 21-23<br>28-30 |
| ERNAKULAM (KALADY) | 0484-2462607 | 1-3 | | 15-17 | 22-24<br>29-31 |
| IDUKKI | 04864222632, 9447777935 | | 11-13 | | 25-27 |
| IRINJALAKUDA | 0480-2880439, 9447992216 | | 7-9 | | 21-23 |
| KANJIRAPPALLY | 0482-8205628, 9497096431 | | 7-9 | | 24-26 |
| KANNUR | 8281094466 | | | | |
| KOCHI (LATIN) | 0484-2328077, 8547723791 | | 10-13 | | |
| KOLLAM (LATIN) | 0474-2749349, 9645671314 | 2-4 | | 16-18 | |
| KOTHAMANGALAM | 0485-2989222, 9495011191 | 2-4 | | 16-18 | |
| KOTTAPPURAM (LATIN) | 0480-2807733, 9446605551 | 2-4 | | | |
| KOTTAYAM | 04812790947, 9495080049 | | 10-12 | | |
| KOZHIKODE | 9349437053 | 3-5 | | | |
| MANANTHVADY | 0493-5241335, 9567764944 | 1-4 | | | 25-28 |
| MAVELIKKARA (MALANKARA) | 9447366149 | | 11-13 | | |
| NEYYATTINKARA (LATIN) | 9447005093 | | | 16-18 | |
| PALAI | 0482-2210049 | | 7-9 | | 21-23 |
| PALAKKAD | 8281340073 | | 7-10 | | |
| PATHANAMTHITTA | 9496806089 | | 11-13 | | |
| PUNALUR | 9497578852 | | | | |
| SULTHANPETT | 9495911256 | | | | 20-21 |
| THALASSERY | 0490-2343414, 9446679001 | | | 15-17 | 29-31 |
| THAMARASSERY | 0495-2730860, 9495693810 | | 7-10 | | |
| THIRUVALLA | 9895556074 | | 8-10 | | 22-24 |
| THIRUVANTHAPURAM(LATIN) | 9895092479 | | 11-13 | | 21-23 |
| THIRUVANTHAPURAM (MALANKARA) | 8304841964 | | 12-14 | | |
| THRISSUR | 0487-2336066,9605043327 | 2-4 | 9-11 | 16-18 | 23-25<br>30-01 |
| VARAPPUZHA | 0484-2393739 | 4-6 | | 18-20 | |
| VIJAYAPURAM | 9447182300 | | 10-12 | | |
| POC, Palarivattom (for Deaf) | | | 11-13 | | |

*Director*





## നിർമലാ പ്രോ-ലൈഫ്

### *NP 1/2019* മേരി കെയർ മിഷൻ പരിശീലനം

നിർമ്മല പ്രോലൈഫ് ഗർഭിണികൾക്ക് വേണ്ടി ഒരുക്കുന്ന ഫാമിലി ഗെറ്റ് ടുഗെതർ മീറ്റ് സെപ്റ്റംബർ 20-ാം തീയതി വെള്ളിയാഴ്ച 10.00 മുതൽ 2.30 വരെ ഞറുക്കുറ്റി ബദ്‌ലഹെമിൽവച്ച് നടന്നു. ഡോ. സി. തെരേസ് ക്ലാസ്സ് നയിച്ചു.

ഗർഭിണികൾക്ക് വേണ്ടിയുള്ള അടുത്ത പരിശീലനം ഞറുക്കുറ്റി ബദ്‌ലഹെമിൽ വച്ച് ഒക്ടോബർ 18-ാം തീയതി വെള്ളിയാഴ്ച 10.00 മുതൽ 2.30 മണി വരെ നടക്കുന്നു.

*Director*

# മാതൃവേദി

*MV 46/2019* **ഉണർവ്വ്**

സെപ്തംബർ 17-ന് യോഗയെക്കുറിച്ചുള്ള ക്ലാസ്സിന് ഫാ. സൈജു തുരുത്തിയിൽ MCBS നേതൃത്വം നൽകി. അടുത്ത ക്ലാസ്സ് ഒക്ടോബർ 15-ന് ആയിരിക്കും.

*MV 47/2019* **ഇലക്ഷൻ**

മാതൃവേദി യൂണിറ്റ്, ഫൊറോന, രൂപതാതല ഭാരവാഹികളുടെ കാലാവധി ഈ ഡിസംബർ മാസത്തോടുകൂടി പൂർത്തിയാവുകയാണ്. അതിനാൽ ഈ ഒക്ടോബർ, നവംബർ മാസങ്ങളിൽ യൂണിറ്റ്, ഫൊറോന തിരഞ്ഞെടുപ്പു നടത്തി ഡിസംബർ 10-ന് മുമ്പ് രൂപതാ ഓഫീസിൽ പുതിയ ഭാരവാഹികളുടെ പേരുവിവരം അറിയിക്കുമല്ലോ.

*MV 48/2019* **യൂദിത്ത് പ്രാർത്ഥനാകൂട്ടായ്മ**

ഒക്ടോബർ 12-ാം തീയതി രാമല്ലൂർ സാൻജോ ഭവനിൽ വച്ച് യൂദിത്ത് മിനിസ്ട്രിയുടെ പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കും.

*MV 49/2019* **'Yes Lord'**

മാതൃവേദിയുടെയും യൂദിത്ത് മിനിസ്ട്രിയുടെയും ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്കായി 'Yes Lord' ധ്യാനം NESTT-ൽ സംഘടിപ്പിച്ചിട്ടുണ്ട്. ഒക്ടോബർ 20 വൈകിട്ട് 5.00 മണിക്ക് ആരംഭിച്ച് 24-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സമാപിക്കും. ധ്യാനത്തിന് വരുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് അവസരമുണ്ടാവുക. സഹായം ആവശ്യമുള്ളവരും സഹായി കൂടെയുള്ളവരും മുൻകൂട്ടി അറിയിക്കുക.

ബന്ധപ്പെടേണ്ട നമ്പർ: സി. കാരുണ്യ CMC : 8547683575, മേരി ജോസഫ് : 9744129247, സി. ആൻ ടോം : 9539658158, ലീലാമ്മ തോമസ് : 9544354748

*Director*





# DCMS

*DCMS 12/2019* **തീർത്ഥാടനം**

DCMS കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 12-ാം തീയതി (ശനി) 2.30 pm -ന് വാഴ്ത്തപ്പെട്ട രാമപുരം കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്ക് നാകപ്പുഴ, കല്ലൂർക്കാട്, വാഴക്കുളം യൂണിറ്റികളിൽ നിന്നും പുറപ്പെടുന്നു. വൈകുന്നേരം 4.00 മണിക്ക് അർപ്പിക്കപ്പെടുന്ന ദിവ്യബലിയും സന്ദേശവും DCMS കോതമംഗലം രൂപതാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

*DCMS 13/2019* **(TSDTP) Talent and Skill Development Training Programme - High School Students**

ദലിത് കത്തോലിക്കരായ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനത്തിനും, വ്യക്തിത്വവികസനത്തിനും, മത്സരപരീക്ഷകളിലുള്ള വിജയത്തിനും, ജോലി ലഭ്യതയ്ക്കും, അവരിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി വികസിപ്പിക്കുന്നതിനുംവേണ്ടി കെ.സി.ബി.സി/എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ വിഭാവനം ചെയ്തിരിക്കുന്ന നൂതന സംരംഭമാണ് TSDTP.

* പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിലാണ് ഈ പരിശീലന പദ്ധതിയിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നത്.

* ഈ പരീക്ഷയിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ 2019 നവംബർ 1 മുതൽ 30 വരെയുള്ള സമയത്ത് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.

* കൂടുതൽ വിവരങ്ങൾക്കായി DCMS രൂപതാസമിതിയുമായി ബന്ധപ്പെടുക.

*DCMS 14/2019* **ഫാമിലി ഐ ഡി കാർഡ്**

DCMS സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ രൂപതകളിലും ഫാമിലി ഐ ഡി കാർഡ് നിർബന്ധമാക്കിയിരിക്കുന്നു. സംസ്ഥാന സമിതി നടപ്പിലാക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകപ്പെടുന്നത് ഐ ഡി കാർഡ് മുഖാന്തരമായതിനാൽ രൂപതയിലെ എല്ലാ

DCMS കുടുംബങ്ങളും ഐ ഡി കാർഡ് എടുക്കേണ്ടത് ആവശ്യമായി വരുന്നു. ഇതിന്റെ ഫോം രൂപതാ സമിതിയിൽ നിന്നും ലഭിക്കുന്നതും നവംബർ 10-ാം തീയതിക്കു മുമ്പായി തിരികെ ഏൽപ്പിക്കേണ്ട തുമാണെന്ന് വികാരി അച്ചൻമാർ ഇടവകയിൽ അറിയിക്കുമല്ലോ.

ബന്ധപ്പെടേണ്ട നമ്പർ: 9747975511, 9496077751, 9447820173

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

### *DFC 55/2019* ഹെൽത്ത് കാർഡ് ഉദ്ഘാടനം

ദീപികയും, DFC-യും കോതമംഗലം ധർമ്മഗിരി ആശുപത്രിയും ചേർന്ന് നടപ്പാക്കുന്ന ഹെൽത്ത് കാർഡിന്റെ വിതരണോദ്ഘാടനം 29-08-2019-ൽ കോതമംഗലം രൂപത വികാരി ജനറാൾ മോൺ. ഫ്രാൻസിസ് കീരംപാറ നിർവ്വഹിച്ചു. DFC രൂപത, ഫൊറോന, ഇട വക ഭാരവാഹികൾ സംബന്ധിച്ചു.

### *DFC 56/2019* ഇടവക യൂണിറ്റ് സന്ദർശനം

30-08-2019-ന് DFC രൂപത ഡയറക്ടറും ഭാരവാഹികളും കോത മംഗലം ഫൊറോനയിലെ ഇടവക യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്ത നങ്ങൾ വിലയിരുത്തി.

### *DFC 57/2019* വനിതാശാക്തീകരണ സമ്മേളനം

സെപ്തംബർ 3-ാം തീയതി കൊച്ചിയിൽ സംഘടിപ്പിച്ച ദീപിക വനിതാശാക്തീകരണ സമ്മേളനത്തിൽ DFC രൂപത ഡയറക്ടറും ഭാര വാഹികളും പങ്കെടുത്തു.

### *DFC 58/2019* സമ്പൂർണ്ണ 'സ്ത്രീധനം' മാസിക ഇടവക

15-09-2019-ന് പെരിങ്ങഴ ഇടവക സമ്പൂർണ്ണ 'സ്ത്രീധനം' മാസിക ഇടവകയായതിന്റെ പ്രഖ്യാപനം വികാരി ഫാ. ജോർജ്ജ് പൊട്ടയ്ക്കൽ നടത്തി. ആരക്കുഴ ഫൊറോന ഭാരവാഹികൾ സമ്മേളനത്തിൽ പങ്കെ ടുത്തു.

### *DFC 59/2019* പൊന്നന്താനം ഇടവകയിൽ ഡ്രീം ലൈൻ പ്രോജക്ട് നടപ്പാക്കി

15-09-2019 മുതൽ പൊന്നന്താനം ഇടവകയിലെ DFC യൂണി





യന്റെ നേതൃത്വത്തിൽ ഡ്രീം ലൈൻ പ്രോജക്ട് നടപ്പാക്കുകയും ദീപി കയുടെ സർക്കുലേഷൻ വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു.

### *DFC 60/2019* രൂപത പ്രസിഡന്റുമാരുടെ യോഗം

25-09-2019-ന് കോട്ടയം ദീപിക ഓഫീസിൽ വച്ച് DFC രൂപത പ്രസിഡന്റുമാരുടെയും രൂപത ഡയറക്ടർമാരുടെയും സംയുക്ത യോഗം നടന്നു. ദീപികയുടെ വളർച്ചയ്ക്കായി ആസൂത്രണം ചെയ്യേണ്ട കാര്യ ങ്ങളെക്കുറിച്ച് ചർച്ച നടത്തി.

### *DFC 61/2019* രൂപത കമ്മിറ്റിയോഗം

കോതമംഗലം രൂപതയിലെ DFC ഫൊറോന ഡയറക്ടർമാരു ടെയും രൂപത കമ്മിറ്റിയുടെയും സംയുക്തയോഗം 27-09-2019-ന് മൂവാ റ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്ന് ഭാവി പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്തു.

*Co-ordinator*

## യുവദീപ്തി

### *YD 37/2019* "WAY - We Are Youth" നേതൃത്വപരിശീലന ക്യാമ്പ്

യുവജനശുശ്രൂഷയുടെ പാതയിൽ യുവദീപ്തി - കെ.സി.വൈ. എം. -ന് പുതിയൊരു നാഴികക്കല്ലുകൂടി. യുവജനങ്ങളിൽ നേതൃത്വ പാടവം വളർത്തിയെടുക്കുവാൻ രൂപതാതലത്തിൽ അണിയിച്ചൊരു ക്കുന്ന ദ്വിദിന നേതൃത്വപരിശീലന ക്യാമ്പ് "WAY - We Are Youth" ഒക്ടോബർ 7, 8 തീയതികളിൽ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നട ത്തപ്പെടുന്നു. ഫൊറോന - യൂണിറ്റ് ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി എന്നിവർ പങ്കെടുക്കുന്നത് അഭികാമ്യമായിരിക്കും). രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 400/- രൂപയായിരിക്കും. സെപ്തം ബർ 22-ന് ക്യാമ്പിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചതാണ്. ക്യാമ്പ് ഒക്ടോബർ 7-ാം തീയതി രാവിലെ 8.30 -ന് ആരംഭിച്ച് 8-ാം തീയതി വൈകുന്നേരം 4.00 മണിക്ക് അവസാനിക്കുന്നതാണ്.

*YD 38/2019* **അമ്മയ്ക്കരികിൽ**

അമ്മയുടെ വത്സലകരങ്ങളിൽ നമ്മുടെ രൂപതയിലെ മുഴുവൻ ജനങ്ങളും ഒരുമിച്ച് ചേർന്ന് ജപമാലമണികൾ നൈവേദ്യമായി അർപ്പിക്കുന്ന പുണ്യദിനം, അമ്മയ്ക്കരികിൽ. ജപമാല മാസത്തോടനുബന്ധിച്ച് കൊച്ചുനാകപ്പുഴ എന്നറിയപ്പെടുന്ന കുട്ടമ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ഒക്ടോബർ മാസം 20-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ജപമാലയും പ്രാർത്ഥനാ ശുശ്രൂഷയും നടത്തപ്പെടുന്നു. രൂപതയിലെ എല്ലാ യുവജനങ്ങളും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*YD 39/2019* **തൂലിക – 2019**

രൂപതാതലത്തിൽ നടത്തപ്പെടുന്ന രചനാമത്സരങ്ങൾ നേരത്തേ തീരുമാനിച്ചിരുന്ന തീയതിയായ സെപ്തംബർ 29-ൽ നിന്നും ഒക്ടോബർ 27-ാം തീയതിയിലേക്ക് മാറ്റിവയ്ക്കുന്നു. മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് ഉച്ചയ്ക്ക് 1.30 മുതൽ വൈകുന്നേരം 4.00 മണി വരെയായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക. മത്സരത്തിൽ പങ്കെടുക്കുന്നവർ ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 9-ാം തീയതി ആരംഭിക്കുന്നതും 20-ാം തീയതി അവസാനിക്കുന്നതുമാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നവരെ മാത്രമേ മത്സരത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. മത്സര ഇനങ്ങളും നിബന്ധനകളും കഴിഞ്ഞ സർക്കുലറിൽ (05/2019) പറഞ്ഞിരിക്കുന്നതുപോലെയാണ്.

*YD 40/2019* **പച്ചക്കറിത്തോട്ട മത്സരം – അടുക്കളപച്ച – അമ്മയ്ക്കൊരു കൈത്താങ്ങ്**

രൂപതാതലത്തിൽ അണിയിച്ചൊരുക്കുന്ന ജൈവപച്ചക്കറിത്തോട്ട മത്സരത്തിന്റെ ഫൊറോനതല വിജയികളുടെ പേരുകൾ രൂപത ഓഫീസിൽ ഒക്ടോബർ 6-ാം തീയതിക്കുമുമ്പായി അറിയിക്കേണ്ടതാണ്. ഓരോ ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരുടെ പേരുകളാണ് നൽകേണ്ടത്.





*YD 41/2019* **ബോബി എം. പാലയ്ക്കൽ ഷട്ടിൽ ടൂർണമെന്റ് വിജയികൾ**

കെ.സി.വൈ.എം സംഘടനയുടെ സജീവപ്രവർത്തകനായിരുന്ന ശ്രീ. ബോബി എം. പാലയ്ക്കന്റെ അനുസ്മരണാർത്ഥം നടത്തപ്പെടുന്ന ബോബി എം. പാലയ്ക്കൽ മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ് വാഴക്കുളം പൈനാപ്പിൾ സിറ്റി ഇന്റോർ കോർട്ടിൽ വച്ച് വിജയകരമായി നടത്തപ്പെട്ടു. ജോസ് മാത്യു, തോമസ് മാത്യു (മൂവാറ്റുപുഴ ഫൊറോന) എന്നിവർ ഒന്നാം സ്ഥാനവും ബ്രോഫിൻ ഡയസ്, ബിബിൻ കെ. പോൾ (മാറിക ഫൊറോന) രണ്ടാം സ്ഥാനവും ആൽഡ്രിൻ ബേബി, അഖിൽ ബിനോ (മുതലക്കോടം ഫൊറോന) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സഹകരിച്ച ബഹു. ഡയറക്ടറച്ചന്മാർക്കും യുവജന സുഹൃത്തുക്കൾക്കും നന്ദി.

*Director*

## ജീസസ് യൂത്ത്

*JY 18/2019* **പാരീഷ് കോർ ടീം ട്രെയിനിങ്**

ഓരോ ഇടവകയിലും വിശ്വാസ തീക്ഷ്ണതയുള്ള യുവജനങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ജീസസ് യൂത്ത് കോതമംഗലം പാരീഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ പാരീഷ് കോർ ടീം ട്രെയിനിംഗ് 21-09-19 ശനി മുതൽ 22-09-19 ഞായറാഴ്ച വരെ നടന്നു. പല ഇടവകകളിൽ നിന്നുമായി 30 ലീഡേഴ്സ് പങ്കെടുത്തു.

*JY 19/2019* **ക്യാമ്പസ് മീറ്റ്**

കോതമംഗലം രൂപതയിലെ വിവിധ കലാലയങ്ങളിൽ പഠിക്കുന്ന യുവജനങ്ങൾക്കായി ഒക്ടോബർ 5-ാം തീയതി വൈകുന്നേരം 5.00 മണി മുതൽ 8-ാം തീയതി വൈകുന്നേരം 4.00 മണി വരെ തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് കോതമംഗലം ജീസസ് യൂത്ത് ക്യാമ്പസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ക്യാമ്പസ് മീറ്റ് എന്ന പ്രോഗ്രാം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 600/- രൂപ.

*Animator*

# ഓൾ കേരള കാത്തലിക് കോൺഗ്രസ്

## *AKCC 17/2019* കാർഷിക സെമിനാറും ഫൊറോന സമിതി നവീകരണവും

കത്തോലിക്ക കോൺഗ്രസ് ഊന്നുകൽ ഫൊറോന സമിതിയുടെ ആഭിമുഖ്യത്തിൽ 01-09-2019-ൽ ഊന്നുകൽ ഫൊറോന പള്ളി ഹാളിൽ വച്ച് കാർഷിക സെമിനാറും ഫൊറോന സമിതി നവീകരണവും നടത്തി.

ഊന്നുകൽ ഫൊറോന ഡയറക്ടർ റവ. ഫാ. ജോർജ്ജ് വള്ളോം കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് കത്തോലിക്കാ കോൺഗ്രസ്സ് കോതമംഗലം രൂപത കമ്മിറ്റി അംഗം ശ്രീ. ജോർജ് കൊടിയാട്ട് സ്വാഗതം ആശംസിച്ചു. കേന്ദ്രസമിതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "കാർഷിക മൂല്യവർദ്ധിത സംരംഭ"ത്തെപ്പറ്റി ഗ്ലോബൽ സെക്രട്ടറി ശ്രീ. ജോസുകുട്ടി ജെ. ഒഴുകയിൽ വിശദീകരിച്ചു.

രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസ് ഊന്നുകൽ ഫൊറോന സമിതി നവീകരിച്ചു. ശ്രീ. മോൺസി ജോർജ് മങ്ങാട്ടിനെ പ്രസിഡന്റായും, ശ്രീ. ജോൺ ചിറയ്ക്കലിനെ വൈസ് പ്രസിഡന്റായും, ശ്രീ. അലോഷി അറയ്ക്കലിനെ സെക്രട്ടറിയായും, ശ്രീമതി ഷൈല ബെന്നിയെ ജോയിന്റ് സെക്രട്ടറിയായും, ശ്രീ. ജോസഫ് തേക്കിലക്കാട്ടിനെ ട്രഷററായും തെരഞ്ഞെടുത്തു.

തുടർന്ന് നടന്ന കാർഷിക സെമിനാറിൽ ആധുനിക കൃഷിരീതിയെപ്പറ്റിയും വളം, വിത്ത് എന്നിവയുടെ പ്രയോഗത്തെപ്പറ്റിയും കോതമംഗലം കൃഷി ഓഫീസർ ശ്രീ. സാബു ഇടപ്പുളവൻ ക്ലാസ്സെടുക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു.

## *AKCC 18/2019* നേതൃത്വ പരിശീലനക്യാമ്പ്

കാളിയാർ ഫൊറോന സമിതിയുടെ ആഭിമുഖ്യത്തിൽ 14-09-2019-ൽ കാളിയാർ പള്ളി ഹാളിൽ വച്ച് നേതൃത്വപരിശീലന ക്യാമ്പ് നടത്തി.





സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ് കാളിയാർ ഫൊറോന പ്രസിഡന്റ് ശ്രീ. ഗർവാസീസ് റാത്തപ്പള്ളി ആദ്ധ്യക്ഷ്യം വഹിച്ചു. കാളിയാർ ഫൊറോന ഡയറക്ടർ റവ. ഫാ. ജോൺ ആനിക്കോട്ടിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിന് സ്വാഗതം ആശംസിച്ചത് രൂപത കമ്മിറ്റിയംഗം ശ്രീ. സോജൻ ജോസഫ് കുന്നുംപുറത്താണ്. കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി.

തുടർന്ന് നടന്ന നേതൃത്വപരിശീലന ക്യാമ്പിന് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി ശ്രീ. കെ.സി. ജോർജ് നേതൃത്വം നൽകി.

*Director*

# അല്മായ ഫ്രാൻസിസ്കൻ സഭ

## *SFO 13/2019* പരിശീലന കളരി

ഫാ. ചെറിയാൻ പാലക്കുന്നേൽ, ഫാ. തോമസ് കാഞ്ഞിരക്കോണം എന്നിവരുടെ നേതൃത്വത്തിൽ കോതമംഗലം ഫ്രാൻസിസ്കൻ അല്മായ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട ഇരുപതോളം അംഗങ്ങൾക്ക് 25.08.2019 -ൽ ലോറെറ്റൊ ആശ്രമാങ്കണത്തിൽ വച്ച് രാവിലെ 10.00 മണി മുതൽ ഉച്ചകഴിഞ്ഞ് 2.00 മണി വരെ അല്മായ സഭയുടെ വളർച്ച ഫ്രറ്റേണിറ്റികളിൽ എങ്ങനെ പ്രാബല്യത്തിൽ വരുത്തണം എന്ന വിഷയത്തെക്കുറിച്ച് പരിശീലനം നൽകി.

## *SFO 14/2019* ഫ്രാൻസിസ്കൻ അല്മായ മിഷൻ മാസം

21.9.2019 ശനിയാഴ്ച 2.00 മണിക്ക് ഹോളിമാഗി ഫൊറോന പള്ളിയങ്കണത്തിൽ ഫ്രാൻസിസ്കൻ മൂന്നാം സഭ രൂപതാ പ്രസിഡന്റ്, സ്പിരിച്ചൽ അസിസ്റ്റന്റ് ഫാ. സേവ്യർ കരുവേലികോണം എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നു. ഒക്ടോബർ മാസം മുഴുവൻ മിഷൻ മാസമായി ആചരിക്കാൻ തീരുമാനിച്ചു. മിഷൻ മാസാചരണത്തിന്റെ ഭാഗമായി ഒരു ഭവനരഹിതന് വീട് വച്ചു കൊടുക്കുന്നതിന് തീരുമാനിച്ചു. ആരക്കുഴ മലേക്കുരിശ് പള്ളിയിലേക്ക് തീർത്ഥാടനം പോകുവാൻ തീരുമാനിച്ചു. യൂണിറ്റുകളിൽ പുതിയ അംഗങ്ങളെ

ആകർഷിക്കുന്നതിലേക്കായി പ്രോത്സാഹനം നൽകും വിധം പള്ളികളിൽ ചിത്രങ്ങളടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു. വിവിധ കലാപരിപാടികളോടെ വാർഷികങ്ങൾ നടത്താനും തീരുമാനിച്ചു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 24/2019* **സെമിനാർ**

കോതമംഗലം രൂപതയിലെ വചനപ്രഘോഷകരുടെയും ആത്മീയ ഉപദേശകരുടെയും സംയുക്ത സെമിനാർ ആഗസ്റ്റ് 31 -ന് ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ മൂവാറ്റുപുഴ NESTT -ൽ വച്ച് നടന്നു. അഭിവന്ദ്യ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മുഖ്യപ്രഭാഷണം നടത്തുകയും 2019 ഒക്ടോബർ 1 -ന് ആരംഭിച്ച് 2020 സെപ്റ്റംബർ 30-ന് അവസാനിക്കുന്ന ആത്മീയ ശാക്തീകരണ വർഷാചരണത്തെക്കുറിച്ച് വിശദീകരിക്കുകയും സെമിനാറിൽ പങ്കെടുത്തവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

KST മുൻ ചെയർമാൻ റവ. ഫാ. ജെയിംസ് കക്കുഴി, കോതമംഗലം സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, കോ-ഓർഡിനേറ്റർ രാജേഷ് പിട്ടാപ്പിള്ളി എന്നിവർ പ്രസംഗിച്ചു.

*PG 25/2019* **ദ്വിദിന പരിശീലന പരിപാടി**

സെപ്തംബർ 16, 17 തീയതികളിൽ കാരക്കുന്നം സെന്റ് മേരീസ് പള്ളിയിൽ വച്ച് കോതമംഗലം സോണിലെ 8 സബ് സോണുകളിലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട എഴുപതോളം സർവീസ് ടീം അംഗങ്ങൾക്കായുള്ള രണ്ട് ദിവസത്തെ പരിശീലന പരിപാടി നടന്നു.

KCCRST ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളി, വൈസ് ചെയർമാൻ സെബാസ്റ്റ്യൻ കാഞ്ഞിരപ്പള്ളി, സെക്രട്ടറി ഡോ. കൊച്ചുറാണി ജോസഫ്, ടീം അംഗങ്ങളായ ഷിബു കാസർഗോഡ്, ഡോ. ബീന പാലാ എന്നിവർ ക്ലാസ്സുകൾ നയിക്കുകയും KST മുൻ ചെയർമാൻ റവ. ഫാ. ജെയിംസ് കക്കുഴി രണ്ട് ദിവസങ്ങളിലും വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.





സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോണൽ കോ-ഓർഡിനേറ്റർ രാജേഷ് പിട്ടാപ്പിള്ളി, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. താഴെപ്പറയുന്നവരെ സബ്സോണുകളുടെ കോ-ഓർഡിനേറ്റേഴ്സായി തിരഞ്ഞെടുത്തു. സെക്രട്ടറി, ഖജാൻജി, വിവിധ മിനിസ്ട്രികളുടെ ഭാരവാഹികൾ എന്നിവരെ പിന്നീട് തെരഞ്ഞെടുക്കും.

| | |
|---|---|
| കോതമംഗലം | - ഷാജി ജോസ് കൊച്ചികുന്നേൽ |
| മൂവാറ്റുപുഴ | - ലിസ്സി പടിഞ്ഞാറേമാതേയ്ക്കൽ |
| തൊടുപുഴ | - എം.പി. ജോസ് മുഴുത്തേറ്റ് |
| വാഴക്കുളം | - എം.എ. അഗസ്റ്റിൻ മണ്ണാപറമ്പിൽ |
| ഊന്നുകൽ | - ജോസ് അഗസ്റ്റിൻ പുളിയാനിക്കാട്ടിൽ |
| കരിമണ്ണൂർ | - ജോമിച്ചൻ പെരുമാലിൽ |
| പൈങ്ങോട്ടൂർ | - ബിബിൻ ജോണി |
| മാറിക | - ജോയേൽ മാത്യു |

*PG 26/2019* **കാർഡ് വിതരണം**

സെപ്തംബർ 24 രാവിലെ 10.00 മുതൽ വൈകിട്ട് 4.00 വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് രൂപതയിലെ വചനപ്രഘോഷകരുടെയും ആത്മീയ ഉപദേശകരുടെയും സംയുക്ത സെമിനാർ നടത്തുകയും രൂപതയുടെ അംഗീകൃതരായ വചനപ്രഘോഷകർക്കും ആത്മീയ ഉപദേശകർക്കും കാർഡ് വിതരണം നടത്തുകയും ചെയ്തു. കാഞ്ഞിരപ്പിള്ളി രൂപത സഹായ മെത്രാൻ മാർ ജോസ് പുളിക്കൽ പിതാവ് ക്ലാസ്സ് നയിക്കുകയും, അഭിഷേക പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോണൽ കോ-ഓർഡിനേറ്റർ രാജേഷ് പിട്ടാപ്പിള്ളി, സോണൽ സർവ്വീസ് ടീം അംഗങ്ങൾ എന്നിവർ സെമിനാറിന് നേതൃത്വം നൽകി. കോതമംഗലം സോണിലെ എട്ട് സബ് സോണുകളിലെയും സർവ്വീസ് ടീം അംഗങ്ങൾ പങ്കെടുത്തു.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 32/2019* **രൂപതാ ഭാരവാഹികളുടെ യോഗം**

രൂപതാഭാരവാഹികളുടെയും തൊഴിലാളിഫോറം ഭാരവാഹികളുടെയും സംയുക്തയോഗം ഒക്ടോബർ 11-ന് രാവിലെ 10 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്.

*KLM 33/2019* **S.H.G ഭാരവാഹികളുടെ നേതൃത്വസംഗമം**

വിവിധ S.H.G യൂണിറ്റ് ഭാരവാഹികളുടെ യോഗം ഒക്ടോബർ 25 -ന് ഉച്ചകഴിഞ്ഞ് 3.00 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പുതുതായി S.H.G -കൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന യൂണിറ്റ് ഭാരവാഹികളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

*KLM 34/2019* **പാലിയേറ്റീവ് ഫണ്ട് ശേഖരണത്തിനുള്ള കേക്കുവിതരണം**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള പാലിയേറ്റീവ് ഹോം കെയർ സർവ്വീസിന്റെ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടന്നുവരുന്നു. നിലവിൽ 45-ഓളം ഇടവകകളിൽ നിന്നായി 400-ൽ പരം രോഗികൾക്കാണ് പാലിയേറ്റീവ് പരിചരണം നൽകിവരുന്നത്. തുടർന്ന് എല്ലാ ഇടവകകളിലേക്കും ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. കേക്കുവിതരണം നടത്തി ലഭിക്കുന്ന ലാഭതുക ഇതിലേക്കായി ഉപയോഗിക്കാം എന്നാണ് കരുതുന്നത്. ഓരോ ഇടവകയിലേക്കും ആവശ്യമായ കേക്കുകളുടെ ഓർഡർ ഒക്ടോബർ 30-ന് മുമ്പായി അറിയിക്കുമല്ലോ.

*KLM 35/2019* **സ്നേഹസ്പർശം 2019**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള 'സ്നേഹസ്പർശം 2019' നവംബർ 30 ശനിയാഴ്ച NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. കിടപ്പുരോഗികൾക്കും അവരുടെ care takers -നും വേണ്ടിയുള്ള ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 30-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം

*Director*





## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | |
|---|---|
| Oct. 01 | - CML Managing Committee |
| 02 - 04 | - Pre-Marriage Course |
| 04 - 05 | - KCSL Excellent Award |
| 06 - 07 | - CML Programme |
| 07 - 08 | - KCYM Camp - "WAY" |
| 11 - 13 | - Y's Men Programme |
| 16 - 18 | - Pre-Marriage Course |
| 20 - 24 | - 'Yes Lord' Retreat |
| 25 - 27 | - Government Programme |

*Director*

## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Mgr. | Keerampara Francis | **October** | 4 |
| Rev. Fr. | Alappatt Francis | " | 4 |
| " | Athickal Francis | " | 4 |
| " | Kannadan Francis | " | 4 |
| " | Karikunnel Francis | " | 4 |
| " | Nampiaparampil Francis | " | 4 |
| " | Nandalath Francis | " | 4 |
| " | Pittappillil Francis | " | 4 |
| " | Cheripuram Abraham | " | 9 |
| " | Parackal Abraham | " | 9 |
| " | Perumpanany Abraham | " | 9 |
| " | Niravathinal Abraham | " | 9 |
| " | Njaralakatt Luke | " | 18 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ആഗസ്റ്റ് 2019**

19-30 ● കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ ബിഷപ്സ് സിനഡിൽ സംബന്ധിച്ചു.

**സെപ്തംബർ 2019**

01 ● നാകപ്പുഴ പള്ളിയിൽ എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

02 ● ഒറ്റല്ലൂർ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

03 ● ബിഷപ്സ് ഹൗസിൽ നടന്ന ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

04 ● രൂപതാ മൈനർ സെമിനാരിയിലെ ഓണാഘോഷ പരിപാടികളിൽ പങ്കെടുത്തു.

07 ● ചെങ്കര നിർമ്മൽഗ്രാം ധ്യാനകേന്ദ്രത്തിൽ പുനർനിർമ്മിച്ച നിത്യാരാധനാചാപ്പൽ ആശീർവദിച്ചു.

08-10 ● അദീലാബാദ് രൂപതയിലെ അസീഫാബാദ് നിർമ്മലമാതാ പള്ളിയുടെ കൂദാശാകർമ്മത്തിൽ സംബന്ധിക്കുകയും, മിഷൻപ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തു.

12 ● ബിഷപ്സ് ഹൗസിൽ രൂപതാ പ്രെസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

13 ● മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ CMC സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തിയ സ്ത്രീകളുടെ സ്വയം സഹായ സഹകരണസംഘത്തിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

● മൂവാറ്റുപുഴ NESTT -ൽ വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികൾക്കുള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.





14 ● പള്ളിക്കണക്കുകൾ കംപ്യൂട്ടറൈസ് ചെയ്യുന്നവരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

● ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ മാധ്യമസെമിനാറിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

15 ● മൂവാറ്റുപുഴ NESTT -ൽ മിഷൻലീഗിന്റെ നേതൃത്വത്തിൽ കുട്ടികൾക്കുള്ള പ്രത്യേക പരിശീലനപരിപാടിയായ 'GEMS' ഉദ്ഘാടനം ചെയ്തു.

● ബിഷപ്സ് ഹൗസിൽ വചനപ്രഘോഷകരായ സിസ്റ്റേഴ്സിന്റെ സമ്മേളനത്തിൽ സംബന്ധിച്ചു.

16 ● മൂവാറ്റുപുഴ NESTT -ൽ Young Priests' Seminar -ന് ആമുഖ സന്ദേശം നൽകി.

17 ● രാമല്ലൂർ വിൻസെൻഷ്യൻ ആശ്രമത്തിലെ നവീകരിച്ച ചാപ്പലിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

## BISHOP'S *Engagements*

### October 2019

| | | | | |
|---|---|---|---|---|
| 23 | Wed | Blessing | Muthalakodam | 10.00 am |
| 24 | Thu | Holy Qurbana | NESTT | 11.00 am |
| 31 | Thu | Platinum Jubilee and Vestition MSJ | Cathedral | 10.00 am |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| മോൺ. ഫ്രാൻസിസ് തെക്കേക്കര | ചരമദിനം | 04-11-1963 |
| ഫാ. സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി | " | 04-11-1966 |
| ഫാ. ജെയിംസ് വെമ്പിള്ളി | " | 08-11-2016 |
| ഫാ. അബ്രാഹം കാഞ്ഞിരത്തിങ്കൽ | " | 09-11-1964 |
| ഫാ. ജോർജ് പുൽപ്ര | " | 09-11-2018 |
| ഫാ. മാത്യു തൊട്ടിയിൽ | " | 10-11-2000 |
| ഫാ. അബ്രാഹം മാളിയേക്കൽ | " | 12-11-1960 |
| ഫാ. ജോൺ വഴുതനപ്പിള്ളി | " | 21-11-1978 |
| ഫാ. മാത്യു വടക്കേക്കര | " | 21-11-2012 |
| ഫാ. ജോർജ് നെടുങ്ങാട്ട് | " | 22-11-1995 |
| ഫാ. അബ്രാഹം പുളിക്കൽ | " | 26-11-2014 |
| ഫാ. ജോർജ് തയ്യിൽ | " | 27-11-1962 |

## നിര്യാതരായി

### സി. എമിലിയ C.M.C. (തെക്കേക്കര)

| | | |
|---|---|---|
| ഇടവക | - | വാഴക്കുളം |
| ജനനം | - | 19-10-1930 |
| ആദ്യവ്രതം | - | 12-02-1951 |
| നിത്യവ്രതം | - | 02-01-1957 |
| മരണം | - | 22-08-2019 |
| മൃതസംസ്കാരം | - | 23-08-2019 (വാഴക്കുളം മഠം) |

### സി. പയസ് C.M.C. (ഊക്കൻപുത്തൻവീട്ടിൽ)

| | | |
|---|---|---|
| ഇടവക | - | അമ്പഴക്കാട് |
| ജനനം | - | 14-01-1940 |
| ആദ്യവ്രതം | - | 15-04-1965 |
| നിത്യവ്രതം | - | 31-05-1969 |
| മരണം | - | 28-08-2019 |
| മൃതസംസ്കാരം | - | 30-08-2019 (കോതമംഗലം) |





### സി. ജോവിസ് F.C.C. (വറങ്ങലക്കുടി)

| | | |
|---|---|---|
| ഇടവക | - | മാതിരപ്പിള്ളി |
| ജനനം | - | 17-04-1948 |
| ആദ്യവ്രതം | - | 01-05-1971 |
| നിത്യവ്രതം | - | 01-05-1977 |
| മരണം | - | 08-09-2019 |
| മൃതസംസ്കാരം | - | 10-09-2019 (ഈസ്റ്റ് വാഴപ്പിള്ളി) |